For Private Circulation Only

July 2023

ആഗമനാരുണൻ

HOLY BIBLE

Vol.70

" നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ ..... വളർത്തുന്നു" (തീത്തോസ് 2:12)

No.7

നമ്മുടെ കർത്താവിന്റെ വരവിനായി കാത്തിരിക്കുക

By B.W.Miller and G.F.Owen

കർത്താവിന്റെ വരവിനെക്കുറിച്ചു പരിശുദ്ധാത്മാവിനാൽ പ്രേരിതമായി എഴുതപ്പെട്ട പഴയ നിയമവിശുദ്ധന്മാരുടെ എഴുത്തുകളും പുതിയനിയമത്തിലെ 125-ഓളം വരുന്ന പരാമർശങ്ങളമുണ്ട്. വേഗത്തിലുള്ള തന്റെ വരവിനായി ഒരുങ്ങേണ്ടതിന്റെ ആവശ്യകത യേശുവിന്റെ പ്രസംഗങ്ങളിലുണ്ട്. മാനസാന്തരം, അനുതാപം, നല്ല മന:സാക്ഷി, വിശ്വസ്തത, വിശുദ്ധി, ഹൃദയശുദ്ധി സഹോദരസ്നേഹം, വിശുദ്ധ സംസാരം എന്നിവയെക്കുറിച്ചും വിശ്വസ്തരായ അപ്പോസ്തലന്മാർ ഊന്നൽ കൊടുത്ത് കർത്താവിന്റെ വീണ്ടും വരവിനെക്കുറിച്ച് സംസാരിക്കുന്നു.

കർത്താവിന്റെ വീണ്ടും വരവിനായി ഒരുങ്ങുക എന്നതത്രെ വേദപുസ്തകത്തിലെ പ്രധാനവിഷയം.

കാത്തിരിപ്പ് :- " നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്ന് വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടുതുരപ്പാൻ സമ്മതിക്കാതിരിക്കയും ചെയ്യും എന്നു അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഉണർന്നിരിപ്പിൻ " മത്താ. 24: 42 -44.

നിർമ്മദൻ:- " കള്ളൻ രാത്രിയിൽ വരുന്നതുപോലെ കർത്താവിന്റെ നാൾ വരുന്നു. എന്നു നിങ്ങൾ തന്നെ നന്നായി അറിയുന്നുവല്ലോ. ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധവുമായിരിക്ക. 1തെസ്സ. 5:2-6. ആകയാൽ നിങ്ങളുടെ മനസു ഉറപ്പിച്ചു നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്കു വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശവെച്ചുകൊൾവിൻ " (1പത്രൊ. 1:13).

മാനസാന്തരം:- ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ (അ. പ്ര.3: 19-21).

വിശ്വസ്തത:- " വളരെക്കാലം കഴിഞ്ഞശേഷം ആ ദാസന്മാരുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു. അഞ്ചു താലന്തു ലഭിച്ചവൻ അടുക്കെ വന്ന് വേറെ അഞ്ചു കൂടെ കൊണ്ടുവന്നു. യജമാനനേ, അഞ്ചു താലന്തല്ലോ എന്നെ ഏല്പിച്ചത്; ഞാൻ അഞ്ചു താലന്തു കൂടെ നേടിയിരിക്കുന്നു എന്നു പറഞ്ഞു. അതിന് യജമാനൻ നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ നീ അല്പത്തിൽ വിശ്വസ്തനായിരുന്നു ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്ക എന്ന് പറഞ്ഞു" (മത്താ. 25:19-21).

ക്രിസ്തുവിനെക്കുറിച്ച് ലജ്ജിക്കരുത്:- " ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ നാണിക്കും" (മർക്കൊ. 8:38).

ലോകമയത്വം:- " ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവിലകൊടുക്കും? മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു തക്കവണ്ണം പകരം നൽകും". (മത്താ. 16:26, 27).

സൗമത്യത:- " നിങ്ങളുടെ സൗമ്യത സകലമനുഷ്യരും അറിയട്ടെ, കർത്താവു വരുവാൻ അടുത്തിരിക്കുന്നു " (ഫിലി. 4:5).

ജഡത്തിന്റെ ആഗ്രഹങ്ങളെയും മോഹങ്ങളെയും മരിപ്പിക്കുക:- " നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസിൽ വെളിപ്പെടും. ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ" (കൊലൊ. 3:4, 5).

നിർമ്മലത:- " നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും...." (ഫിലി. 1:10).

വിശുദ്ധീകരണവും വിശുദ്ധജീവിതവും:- " സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെയും മുഴുവൻ ശുദ്ധീകരിക്കുകമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ " (1തെസ്സ. 5:23).

ശുശ്രൂഷയിലെ വിശ്വസ്തത:- " ഞാൻ ദൈവത്തെയും, ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ച് അവന്റെ പ്രത്യക്ഷതയും രാജ്യവും ചൊല്ലി സത്യം ചെയ്തു കല്പിക്കുന്നത്, വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ത് പ്രബോധിപ്പിക്ക (2 തിമൊ. 4:1,2).

കല്പനകൾ കാത്തുകൊൾക:- " ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തെമേയിച്ചുകൊൾവിൻ. നിർബ്ബന്ധത്താലല്ല, ദൈവത്തിനു ഹിതമാംവണ്ണം മന:പൂർവ്വമായും ദുരാഗ്രഹത്തോടെയല്ല, ഉത്സാഹത്തോടെയും സൂക്ഷതയോടെ ഇടവകളുടെമേൽ കർത്തൃത്വം നടത്തുന്നവർക്കായിട്ടല്ല ആട്ടിൻ കൂട്ടത്തിന് മാതൃകകളായിത്തീർന്നു കൊണ്ടും അദ്ധ്യക്ഷത ചെയ്വിൻ. എന്നാൽ ഇടയശ്രേഷ്ടൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും" (1പത്രൊ. 5:2-4)

വിശുദ്ധി:- " പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

നമ്മുടെ കർത്താവിന്റെ വരവിനായി കാത്തിരിക്കുക

എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവനിൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു. (1യോ. 3:2,3).

ക്രിസ്തുവിൽ വസിക്കുക:- " അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ " (1യോഹ. 2:28).

വിശ്വാസത്തിന്റെ പരീക്ഷകളും പരിശോധനകളും സഹിക്കുക:- " അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസിനും, മാനത്തിനുമായി കാൺമാൻ അങ്ങനെ ഇടവരും " (1പത്രൊ. 1:7).

വിശുദ്ധസംസാരം:- ഒരുത്തൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാടു പ്രസ്താവിക്കുന്നു എന്നപോലെയും ഒരുത്തൻ ശുശ്രൂഷിക്കുന്നു എങ്കിൽ ദൈവം നൽകുന്ന പ്രാപ്തിക്കു തക്കവണ്ണവും ആകട്ടെ. എല്ലാറ്റിലും ദൈവം യേശുക്രിസ്തുമൂലം മഹത്വപ്പെടുവാൻ ഇടവരട്ടെ. മഹത്വും ബലവും എന്നെന്നേയ്ക്കും അവനുള്ളത് ആമേൻ. പ്രിയമുള്ളവരേ, നിങ്ങൾക്ക് പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്ക് വന്നു കൂടി എന്നുവച്ചു അതിശയിച്ച് പോകരുത്. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ". (1 പത്രൊ. 4:11-13).

സഹോദരസ്നേഹം:- " എന്നാൽ ഞങ്ങൾക്ക് നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവു നിങ്ങൾക്ക് തമ്മിലും നിങ്ങൾക്ക് എല്ലാവരോടുമുള്ള സ്നേഹം വർദ്ധിച്ചു കവിയുമാറാക്കുകയും ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടുംവണ്ണം നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ " (1തെസ്സ. 3:12,13).

വിശ്വാസത്തിന്റെ നല്ലപോർ പൊരുതുക:- " ഞാൻ നല്ല പോർ പൊരുതു ഓട്ടം തികെച്ചു വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായ് വച്ചിരിക്കുന്നു. അത് നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്ക് നൽകും എനിക്ക് മാത്രമല്ല അവന്റെ പ്രത്യക്ഷതയിൽ പ്രിയം വച്ച ഏവർക്കും കൂടെ " (2തിമൊ. 4:7,8).

കിരീടം സൂക്ഷിക്കുക:- " നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ തക്കവണ്ണം നിനക്ക് ഉള്ളത് പിടിച്ചുകൊൾക " (വെളി. 3:11) അഭക്തിയെ വിട്ട് കളഞ്ഞ് ദൈവഭക്തിയോടെ ജീവിക്കുക:- നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്ത് കൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ച് പോരേണ്ടതിന് അത് നമ്മെ ശിക്ഷിച്ച് വളർത്തുന്നു " (തീത്തോ. 2:12,13).

വേഗം വരുന്ന കർത്താവിനു വേണ്ടി കാത്തിരിക്കുക:- "മിന്നൽ ആകാശത്തിൻ കീഴെ ദിക്കോട് ദിക്കെല്ലാം തിളങ്ങി മിന്നുന്നതുപോലെ മനുഷ്യപുത്രൻ തന്റെ ദിവസത്തിലാകും" (ലൂക്കോ. 17:21).

വിധിക്കരുത്:- " ആകയാൽ കർത്താവ് വരുവോളം സമയത്തിന് മുമ്പേ ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും. അന്ന് ഓരോരുത്തന് ദൈവത്തിൽ

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" നിനക്കു തരുമെന്നു യഹോവ നിന്റെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശത്തു യഹോവ നിന്റെ നന്മെക്കായി ഗർഭഫലത്തിലും കന്നുകാലികളുടെ ഫലത്തിലും നിനക്കു സമൃദ്ധി നൽകും. തക്കസമയത്തു നിന്റെ ദേശത്തിനു മഴ തരുവാനും നിന്റെ വേല ഒക്കെയും അനുഗ്രഹിപ്പാനും യഹോവ നിനക്കു തന്റെ നല്ല ഭണ്ഡാരമായ ആകാശം തുറക്കും. നീ അനേകം ജാതികൾക്കു വായ്പ കൊടുക്കും. എന്നാൽ നീ വായ്പ വാങ്ങുകയില്ല. ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന നിന്റെ ദൈവമായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല തല ആക്കും. നീ ഉയർച്ച തന്നെ പ്രാപിക്കും. താഴ്ച പ്രാപിക്കയില്ല " (ആവർത്തനം. 28:11-13).

ദൈവം നിങ്ങൾക്കായി കരുതുന്നു. ദൈവം നമുക്കു ഒരു വാഗ്ദത്തത്തെ നൽകിയാൽ അത് നിറവേറ്റാതെ പോകുകയില്ല. ദൈവം അത് നിറവേറ്റുക തന്നെ ചെയ്യും. ദൈവം ആകാശത്തിലെ കിളിവാതിലുകളെ തുറന്ന് നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ പൂർണ്ണ ആശ്രയം ദൈവത്തിൽ അർപ്പിക്കുക. ദൈവം അത് നിറവേറ്റുന്നത് നിങ്ങൾ കാണും.

ദൈവം നിങ്ങൾക്ക് സകലതും സമൃദ്ധിയായി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു. സമ്പത്ത് മാത്രമല്ല, അതിനേക്കാൾ ശ്രേഷ്ഠമായത് നിങ്ങൾക്ക് നൽകാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിൽ പ്രത്യാശ വെയ്ക്കുക. അവൻ അനുഗ്രഹങ്ങൾ നൽകുകയും ചെയ്യും.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഈ അന്ത്യനാളുകളിൽ ഗൗരവവും കാത്തിരിപ്പാൻ യോഗ്യവും

By Rich Carmicheal

''എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ'' (1 പത്രൊ. 4:7).

പ്രാർത്ഥനയിൽ ഗൗരവും ശ്രദ്ധയും പുലർത്തേണ്ട സമയമാണിത്. കർത്താവിന്റെ മടങ്ങിവരവ് അടുത്തിരിക്കുന്നു എന്ന് കാലത്തിന്റെ അടയാളങ്ങൾ വ്യക്തമാക്കുന്നു. യേശു മുൻകൂട്ടി പരഞ്ഞതുപോലെ തന്റെ വരവു സമീപമായിരിക്കുന്നു. കർത്താവ് മുന്നറിയിച്ചതുപോലെ '' ജാതിജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും, ക്ഷാമവും, ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എങ്കിലും ഇതു ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ'' (മത്താ. 24:7,8). അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. പീഢകൾ വർദ്ധിക്കും. അനുസരണക്കേടും വഞ്ചനകളും വർദ്ധിക്കും (9:12).

അതേ, ഈ അടയാളങ്ങൾ നമ്മുടെ നാളുകളിൽ സംഭവിക്കുമെന്ന് നാം അറിയുന്നു. നമ്മുടെ നാളുകളിൽ റഷ്യ, ഉക്രയിൻ, ചൈന, തയ് വാൻ തുടങ്ങിയ യുദ്ധങ്ങളും അതിന്റെ തുടക്കങ്ങളാണ്. സമീപ ഭാവിയിൽ ഇസ്രായേലും ലോക രാഷ്ട്രങ്ങളും പ്രത്യേകിച്ച് ഇറാൻ തങ്ങളുടെ ന്യൂക്ലിയർ ശക്തിയെ തെളിയിക്കുന്നതും ഇതിന്റെ ലക്ഷണങ്ങളല്ലേ. സമീപകാലത്ത് വന്ന വാർത്ത സൂചിപ്പിക്കുന്നത്, ഇസ്രായേലിന്റെ ഏറ്റവും വലിയ ശത്രു ആയി ഇറാനെ കാണുന്നു എന്നും പ്രധാനമന്ത്രി ബഞ്ചമിൻ നെതന്യഹു ആവർത്തിച്ച് പറയുന്നതും ആണവായുധങ്ങളുടെ വിപുലീകരണത്തിന് അനുവദിക്കയില്ല.

ആയിരക്കണക്കിനാളുകൾ ക്ഷാമങ്ങൾ, വരൾച്ച, മഹാമാരി, ഭൂകമ്പങ്ങൾ മറ്റു ദുരന്തങ്ങളാലും കഷ്ടപ്പെടുന്നു. മറ്റ് വിധ സംഭവങ്ങളും ലോകത്തിൽ അധികമായി വർദ്ധിക്കുന്നു. കൂടുതൽ തലത്തിൽ പരമ്പരാഗത മൂല്യങ്ങൾ കുറയുമെന്ന് ഏതാനും വർഷങ്ങൾക്കുമുമ്പ് നമുക്ക് സങ്കല്പിക്കാൻ കഴിയുമോ. വിദ്വേഷവും വഞ്ചനയും, നിയമലംഘനവും, അധാർമ്മികതയും ഇപ്പോൾ ഈ നാളിന്റെ അടയാളങ്ങളാണ്. ഫ്രങ്കളിൻഗ്രഹാം അടുത്തിടെ പങ്ക് വച്ചതുപോലെ ലോകം വളരെ വേഗത്തിൽ അധ:പതിക്കുകയാണ്. നരകത്തിലെ എല്ലാ പിശാചുക്കളെയും അഴിച്ചു വിട്ടതുപോലെ തോന്നുന്നു. ഒരു കൊടുങ്കാറ്റ് വരുമെന്ന് അദ്ദേഹം വിശ്വസിക്കയും മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. എന്നാൽ ഞങ്ങൾ വഞ്ചിക്കപ്പെടുകയില്ല. നാം അവന്റെ വരവിനായി ഒരുക്കപ്പെട്ടിരിക്കയാണ്.

അടുത്ത അടയാളമെന്നത് നിർമ്മിത ബുദ്ധി ക്യാമറകളുടെ വരവാണ്. ടെക്നോളജികളുടെ വരവും നേട്ടങ്ങളും അപകടങ്ങളിലേയ്ക്കല്ലേ നമ്മെ നടത്തുന്നത്. അതിനെകുറിച്ച്.

അത്തരം ഗൗരവതരമായ ചോദ്യങ്ങളും യാഥാർത്ഥ്യങ്ങളും മനസ്സിൽ വച്ചുകൊണ്ട് ആഗമനദൂതന്റെ ഈ ലക്ഷം നിങ്ങളെ പ്രചോദിപ്പിക്കുമെന്നും പ്രോത്സാഹിപ്പിക്കുമെന്നും വരാനിരിക്കുന്ന നാളുകൾക്കായി തയ്യാറെടുക്കുവാൻ സഹായിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ദൈവീക ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത ഉൾപ്പെടെ ക്രിസ്തുവിന്റെ രണ്ടാം വരവിനായി ഒരുക്കേണ്ടതിന്റെ പ്രാധാന്യമാണ് പ്രമേയങ്ങളിൽ ഒന്ന്. അപ്പോസ്തലനായ പൗലോസ് പ്രബോധിപ്പിക്കുന്നതുപോലെ നമ്മുടെ മഹാദൈവവും കർത്താവുമായ യേശുക്രിസ്തുവിന്റെ അനുഗ്രഹീതമായ പ്രത്യാശയും മഹത്വപൂർണ്ണമായ പ്രത്യക്ഷതയും പ്രതീക്ഷിച്ചുകൊണ്ട് ഈ നാളുകളിൽ നാം നീതിയുള്ളവരും ദൈവഭക്തിയുള്ളവരുമായി സ്വാതന്ത്ര്യത്തോടെ ജീവിക്കണം (തീത്തോ. 2:12,13). ജോർജ് ഡി.വാട്സന്റെ രണ്ട് ലേഖനങ്ങൾ പ്രബോധിപ്പിക്കുന്നതുപോലെ നിങ്ങളുടെ ജീവിതം അലഞ്ഞ് തിരിയുന്നതിനു മാത്രമല്ല നിങ്ങളുടെ ജീവിതം കർത്താവിനുവേണ്ടി പുതുക്കുന്നതിനും നിങ്ങളെ സഹായിക്കും.

ഈ അവസാന നാളുകളിലെ വേലയുടെ പ്രാധാന്യമാണ് ഇതോടൊപ്പമുള്ള സന്ദേശങ്ങളുടെ മറ്റൊരു പ്രധാന വിഷയം. നാം ലോകത്തിൽ നിന്നുള്ളവരല്ലെങ്കിലും നാം ലോകത്തിൽ ആയിരിക്കയും ലോകത്തിന്റെ ഉപ്പും വെളിച്ചവുമായി സേവിക്കയും വേണം കർത്താവിന്റെ സ്നേഹവും വചനവും പങ്കിടുകയും വേണം. നമുക്കു ചുറ്റും വസിക്കുന്ന ആളുകളുടെ ശാശ്വാത ക്ഷേമം അപകടത്തിലാണ്. കർത്താവ് നമ്മെ ഏല്പിച്ച വേലയിൽ നാം പൂർണ്ണമായിരിക്കേണ്ട സമയമാണ് ഇത്. ''ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ''. (എഫെ5:16).

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(2-ാം പേജിന്റെ തുടർച്ച)

നമ്മുടെ കർത്താവിന്റെ വരവിനായി കാത്തിരിക്കുക

നിന്ന് പുകഴ്ചയുണ്ടാകും" (1 കൊരി. 4 - 5).

സന്തോഷങ്ങളുടെ ഉറപ്പ്:- "അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകും" (ഫിലി. 2:16).

അവൻ ദൂരെ ആയിരിക്കുമ്പോൾ ഒരു ആശ്വാസം:- "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്ത് കൊള്ളും" (യോഹ. 14:3)

ന്യായവിധിയുടെ സമയം:- " മനുഷ്യപുത്രൻ തന്റെ തേജസോടെ സകല വിശുദ്ധ ദൂതൻമാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും സകല ജാതികളേയും അവന്റെ മുമ്പിൽ കൂട്ടും. അവൻ അവരെ ഇടയൻ ചെമ്മരി ആടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിച്ച് ചെമ്മരിയാടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും" (മത്താ. 25:31,32).

വിശുദ്ധൻമാരുടെ ഉയർത്തെഴുന്നേൽപ്പ്:- " ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രേ. ആദ്യഫലം ക്രിസ്തു പിന്നെ ക്രിസ്തുവിലുള്ളവർ അവന്റെ വരവിങ്കൽ പിന്നെ അവസാനം" (1കൊരി. 15: 22,23)

വിശുദ്ധന്മാരുടെ പ്രത്യക്ഷത:- " നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസിൽ വെളിപ്പെടു" (കൊലൊ. 3 - 4).

ക്രിസ്തുവിൽ മരിച്ചവർക്കുള്ള പ്രതിഫലം:- "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടു ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെകൊണ്ട് അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ" (1തെസ്സ. 4:13-18).

അവിശ്വാസികൾക്കുള്ള ന്യായവിധി :- " നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഢിപ്പിക്കുന്നവർക്ക് പീഢയും പീഢ അനുഭവിക്കുന്ന നിങ്ങൾക്ക് ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ" (2തെസ്സ. 1:7,8)

തിരുമേശയുടെ പ്രഖ്യാപനം:- " അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1കൊരി.11:26).

ഈ ഹൃദയസ്പർശിയായ ദൂത് വിശ്വാസ ജീവതത്തിന്റെ അടിസ്ഥാനമായ വിശുദ്ധ ജീവിതവും ആഴമായ ആത്മീയ അനുഭവങ്ങളും ഓരോ സഭയും പ്രസംഗിക്കേണ്ടതാണ്.

കല്യാണത്തിന്റെ വിശേഷവസ്ത്രം:- യേശുവും അപ്പോസ്തലന്മാരും തന്റെ രണ്ടാം വരവിനെകുറിച്ച് ധാരാളം പ്രായോഗിക പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. നാം വിശേഷവസ്ത്രം ധരിച്ച് ഒരുങ്ങി കാത്തിരിക്കേണം. നാം നഷ്ടപ്പെട്ട ജാതികളോട് കർത്താവിനെ കുറിച്ച് പറയേണം. നാം ലോകത്തെ ജയിച്ച് മാനസാന്തരപ്പെട്ട് വിശ്വസ്തരായി ജീവിക്കേണം. ജഡത്തിന്റെ വശീകരണമോഹങ്ങളെ മരിപ്പിച്ചിട്ട് നീതിയും വിശുദ്ധിയും ഉള്ളവരായി ജീവിക്കേണം. കളങ്കമില്ലാത്തവരായി കുറ്റമറ്റവരായി ജീവിപ്പാൻ നാം കല്പന ലഭിച്ചവരാണ്. കർത്താവിന്റെ വരവിൽ ഒരുക്കപ്പെട്ടവരായി നിൽപ്പാൻ കല്പന ലഭിച്ചവരാണ്. നാം വിശുദ്ധിയിൽ ജീവിക്കാൻ താല്പര്യപ്പെടുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ആന്തരിക യുദ്ധമുണ്ട് നമ്മൾ സൂക്ഷ് മതയുള്ളവരായി ജീവിക്കേണം. ദൈവകൃപയിൽ പ്രത്യാശവച്ച് ദൈവഭക്തിയിൽ സംസാരിക്കണം. കൊമ്പ് മുന്തിരി വള്ളിയിൽ വസിക്കുന്നതുപോലെ നാം ക്രിസ്തുവിൽ മറഞ്ഞിരുന്ന് ഈ പോരാട്ടലോകത്തിൽ നിന്നും വേർതിരിഞ്ഞ് നാം നമ്മെ തന്നെ വിശുദ്ധീകരിക്കേണം.

ഒരു നല്ല പടയാളി എന്ന നിലയിൽ പരീക്ഷകളും പരിശോധനകളും ആഴമായി മുറിവേൽക്കുന്ന അനുഭവങ്ങളും വിശ്വാസജീവതത്തിൽ നേരിട്ടേയ്ക്കാം. ക്രിസ്തുവിന്റെ സ്നേഹത്തിൽ വർദ്ധിച്ചുവരുവാൻ താഴെ കാണുന്ന ഉദാഹരണങ്ങൾ ലഭ്യമാണ്. നാം സ്വർഗ്ഗീയ പൗരന്മാരാകയാൽ വിശുദ്ധി കാത്ത് സൂക്ഷിക്കേണ്ടതാണ്. ഭൗതീക വാദത്തിന്റെ പരുക്കൻ ലോകത്തിൽ നാം ജീവിക്കുമ്പോൾ കർത്താവിന്റെ രണ്ടാം വരവിനായി കാത്തിരുന്ന് പ്രത്യാശയോടെ ആയിരിക്കാം.

നാ കർത്താവിന്റെ ശക്തിയിൽ പൂർണ്ണ സ്ഥിരത കാക്കുവാൻ വിളിക്കപ്പെട്ടവരാണ്. കർത്താവിന്റെ വേലക്കാർ എന്ന നിലയിൽ കർത്താവിൽ പൂർണ്ണ പ്രത്യാശവയ്ക്കുകയും രക്തത്തിന്റെ വിലയായ കിരീടത്തെയും ആരും തെറ്റിച്ചുകളയാതിരിപ്പാനും സൂക്ഷിക്കേണം. സ്വർഗ്ഗീയ രാജ്യത്തിനായി പ്രത്യാശ വെച്ചുകൊണ്ട് കർത്താവ് ശിൽപ്പിയായി പണിതനഗരത്തിനായി വശീകരണമോഹങ്ങളിൽ കുടുങ്ങിപോകാതെ പാപത്തിന്റെ അനുഭവങ്ങളിലും ലോകമോഹങ്ങളിലും വശീകൃതമാകാതെ ന്യായവിധിക്ക് ഓഹരിക്കാരാകാതെ ഒരുങ്ങിനിൽക്കാം. കർത്താവ് തന്റെ വിശുദ്ധ ദൂതൻമാരുമായി വരുമ്പോൾ.

പേരാടുക, അദ്ധ്വാനിക്ക, സ്നേഹിക്കുക!

രാജാധിരാജാവിന്റെ കയ്യിൽ നിന്നും പ്രതിഫലം വാങ്ങുവാൻ നാം പോരാടുകയും അദ്ധ്വാനിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടതാണ്. നാം പുനരുദ്ധാനശരീരം പ്രാപിച്ച് ദൈവത്തിന്റെ മഹത്വത്തിൽ എടുത്തുകൊള്ളപ്പെടേണ്ടതുമാണ്. നമ്മുടെ വസ്ത്രം കുഞ്ഞാടിന്റെ രക്തത്തിൽ അലക്കി വെളുപ്പിച്ച് കർത്താവിന്റെ വരവിൽ എടുത്തുകൊള്ളപ്പെടുവാൻ വിളിക്കപ്പെട്ടവരാണ്. നാം ഉന്നത വിളിയാൽ വിളിക്കപ്പെട്ടിരിക്കുന്നു. സർവ്വശക്തനായ ദൈവത്തിന്റെ മക്കളായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഉന്നത വെളിച്ചങ്ങളായി ശോഭിക്കുവാൻ ആഴമായ ക്രിസ്തുവിന്റെ സ്നേഹത്തിൽ വസിപ്പാനും നോക്കിപ്പാർത്ത് ഉന്നത ലക്ഷ്യമുള്ളവരായി നീതി സൂര്യന്റെ പ്രത്യക്ഷതയ്ക്കായിട്ടും വിളിക്കപ്പെട്ടിരിക്കുന്നു. നാം പ്രത്യാശയുള്ളവരായി ആത്മാവിന്റെ വാൾ ഏന്തി പോരാടുകയും, അദ്ധ്വാനിക്കുകയും സ്നേഹിക്കുകയും ചെയ്ക. കള്ളനെപ്പോലെ വരുന്ന കർത്താവിന്റെ വരവിനുവേണ്ടി.

ഈ വിലപ്പെട്ട സത്യത്തിന്റെ ദൂതുകൾ പ്രസംഗിക്കാം. കർത്താവിന്റെ വരവിന്റെ പാട്ടുകൾ ഈണമായി പാടാം! ഇതാ അവൻ വേഗം വരുന്നു.! ❖

(3-ാം പേജിന്റെ തുടർച്ച)

ഈ അന്ത്യനാളുകളിൽ ഗൗരവവും കാത്തിരിപ്പാൻ യോഗ്യവും

ഈ വിഷയവുമായി ബന്ധപ്പെട്ട മൂന്നാമത്തെ കാര്യമാണ് പ്രാർത്ഥനയുടെ ആവശ്യകത പ്രാർത്ഥന ഇല്ലാത്ത ജീവിതം ഈ കാലഘട്ടത്തിൽ ശക്തി ഇല്ലാത്തതും പ്രയോജന രഹിതവുമാണ്. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ ആത്മാവിലും ദൈവസ്നേഹത്തിലും, ശക്തിയിലും ജ്ഞാനത്തിലും നിറഞ്ഞ് ധൈര്യത്തോടും പ്രത്യാശയോടും നിൽപാൻ നമുക്ക് കഴിയുന്നു.

ഈ ലക്ഷത്തിലൂടെ കർത്താവ് നിങ്ങളുടെ ജീവിതത്തെയും ശുശ്രൂഷയെയും ആഴത്തിൽ സ്പർശിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പ്രത്യാശയുടെ സ്വീകാര്യം നാം മുറുകെ പിടിച്ചുകൊള്ളുക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ, തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്ന് കാണുന്തോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു (എബ്രാ. 10:23,24,25) ❖

സഭയും ലോകവും

By Adolph Saphir

"ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കികൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിചെയ്തു" (മത്താ. 28:19,20).

സഭയെന്നത് ക്രിസ്തുവിന്റെ പ്രതിനിധിയും വ്യവസ്ഥാപിതമായ നിയമ തത്വസംഹിതയുമാണ്. "ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു". (യോഹ. 17:11). ക്രിസ്തുവിനെ കൂടാതെ സഭയ്ക്ക് വെളിച്ചവുമില്ല ജീവനുമില്ല, അവിടുത്തെ സാന്നിദ്ധ്യം ഞങ്ങളോടുകൂടെ പോരുന്നില്ല എങ്കിൽ ഈ മരുഭൂപ്രയാണം തുടരുവാൻ അവിടുന്ന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുമ്പോൾ പിതാവിനെ ഉപേക്ഷിക്കുന്നില്ല, അവിടുന്ന് സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുമ്പോൾ സഭയെ ഉപേക്ഷിക്കുന്നില്ല.

ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടതുപോലെ സഭയും ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നു. പിതാവിന്റെ പ്രതിനിധിയും വെളിപ്പാടുമായി അവിടുത്തെ നാമത്തെ സാക്ഷിക്കുവാൻ, പ്രസംഗിക്കുവാൻ, അവിടുത്തെ ഇഷ്ടം ചെയ്യുവാൻ, അവിടുത്തെ വേല തികയ്ക്കുവാൻ ക്രിസ്തു അയയ്ക്കപ്പെട്ടിരിക്കുന്നു. അവൻ സത്യവും വിശ്വസ്ത സാക്ഷിയുമാണ്; അവിടുന്ന് ദൈവത്തിന്റെ ദാസനായിരിക്കുന്നു; പിതാവിന്റെ ഇഷ്ടം ചെയ്യുന്നതത്രെ തന്റെ ആഹാരം എന്ന് പറഞ്ഞിരിക്കുന്നു; അവിടുന്ന് പിതാവിന്റെ നാമത്തെ പ്രസിദ്ധമാക്കിയിരിക്കുന്നു; വേല തികച്ചിരിക്കുന്നു. പിതാവ് തന്നിൽ ആയിരുന്നതുപോലെ ആളുകൾ ക്രിസ്തുവിലാകേണ്ടതിന് ആളുകൾ നമ്മിലൂടെ അനുഗ്രഹിക്കപ്പെടുവാൻ ദൈവത്തിന്റെ വെളിച്ചവും ജീവനും ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുവാൻ സാക്ഷികളായിരിക്കുവാൻ അവിടുത്തെ വെളിച്ചവും സ്നേഹവും നമ്മിൽ പ്രകാശിക്കുവാൻ ക്രിസ്തു ലോകത്തിലേക്ക് നമ്മെ അയച്ചിരിക്കുന്നു.

ലോകത്തിന്റെ കാഴ്ച

ഓർക്കുക, ലോകത്തിൽ കർത്താവു നമ്മെ ആക്കിയിരിക്കുന്ന വേല, അപകടകരവും, പ്രയാസവുമുള്ളതാണ്, അനുഭവങ്ങൾ തെളിയിക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹമില്ലാതെ, ആത്മാവില്ലാതെ, മരിച്ചവരുടെ പുതുക്കമില്ലത്തവരുമായി, ലോകത്തോട് അനുരൂപപ്പെട്ട് വർദ്ധിക്കുന്നവരായി ധൈര്യവും പ്രത്യാശയും നഷ്ടപ്പെട്ടവരായി ജീവിക്കുന്ന ഈ ലോകത്തിൽ സഭ അത്യാവശ്യമായിരിക്കുന്നു.

ഒരു വിധത്തിൽ പറഞ്ഞാൽ സഭയും ലോകവും തമ്മിൽ വൈരുദ്ധ്യമുണ്ട് എന്നാൽ എതിരല്ല. ഒന്ന് പ്രകൃതിയുടെ തലത്തിൽ നിന്നുള്ളതാണ്. മറ്റേത് ആത്മാവിന്റെ തലത്തിൽ നിന്നുള്ളതാണ്. ലോകം ഒന്നാമത്തെ ആദാമാണ്. അവൻ വീഴ്ചയ്ക്കുമുമ്പ്) ഭൂമിയിൽ നിന്നുള്ളവൻ, ഭൂമയൻ, സഭ ജനിച്ചിരിക്കുന്നത് രണ്ടാമത്തെ ആദാമിൽ നിന്നുമാണ്. ആത്മികമനുഷ്യൻ (1കൊരി. 15:47). സൃഷ്ടിക്കപ്പെട്ടത്, ലോകം നല്ലതാണ്, ദൈവം അതിനെ സ്നേഹിച്ചു, സഭയ്ക്കുവേണ്ടി ഉണ്ടാക്കി.

എന്നാൽ ലോകം മറ്റൊരു കാഴ്ചപ്പാടിൽ കാണപ്പെടേണം, ദു:ഖം, എന്നാൽ മറ്റൊരു കാഴ്ചപാടിൽ കാണപ്പെടേണം, ദു:ഖം, എന്നാൽ തുല്യമായ സത്യം. ലോകം ദുഷ്ടതയിൽ കിടക്കുന്നു. മനുഷ്യകുലം വീഴ്ചയിലകപ്പെട്ടുപോയി; ഒരു ദുഷ്ടലോകത്തിൽ നാം ജീവിക്കുന്നു. ലോകത്തിന്റെ പാപം നമ്മിൽ വസിക്കുന്നു, നാം അറിയുന്നു, നമ്മിൽ വസിക്കുന്ന പാപം സ്വാർത്ഥത, അഹങ്കാരം, മോഹം, വഞ്ചന പുറമേയുള്ളതിൽ ആശ്രയം വയ്ക്കുന്നു, ആത്മീകകാര്യങ്ങളിലുള്ള അവിശ്വാസം, സ്വന്തമഹത്വം അന്വേഷിക്കുന്നു; ചുരുക്കത്തിൽ എല്ലാ നിലയിലും ദൈവത്തിൽ നിന്നകന്നുപോകുന്നു. സഭ ലോകത്തിനെതിരായി തുടർച്ചയായി പോരാടേണം. സഭ ഉറക്കെ പറയണം, സ്വഭാവവും കൃപയും തമ്മിൽ ജഡവും ആത്മാവും തമ്മിൽ ശത്രുത്വം ആണെന്ന്. ലോകത്തിന്റെ പ്രഭുവും ആത്മാവുമായവൻ വിധിച്ചു തള്ളപ്പെട്ടിരിക്കുന്നു, ദൈവകോപം അവന്റെ ശത്രുക്കളുടെമേൽ വരുന്നു, ഓരോരുത്തനും ലോകത്തെ വിട്ട് ഓടിപ്പോരുവാൻ പ്രബോധിപ്പിക്കുക, ഈ തലമുറയിൽ നിന്നും മാനസാന്തരപ്പെടുവാൻ ലോകത്തോട് പറയുക. ക്രിസ്തു തലയായും സഭ ശരീരവുമായിട്ടുള്ള നമ്മുടെ മാർമ്മിക ശരീരത്തിൽ ഉപദേശം ഉറച്ചതായിരിക്കേണം, ജീവിതവും നടപ്പും ശുദ്ധമായിരിക്കേണം, സാക്ഷ്യം നഷ്ടപ്പെട്ടുപോകുവാൻ അനുവദിക്കരുത്.

യേശുക്രിസ്തുവിന്റെ നിസ്തുല്യ സത്യങ്ങളോട് യോജിക്കുവാൻ ഈ ലോകത്തിന്റെ ജ്ഞാനത്തിനു സാദ്ധ്യമല്ല. കർത്താവു മുൻ അരുളിചെയ്തതുപോലെ ഈ ലോകം നമ്മെ പകെയ്ക്കും. എത്രമാത്രം നമ്മുടെ ജീവിതത്തിൽ വരച്ചു കാട്ടുന്നുവോ അത്രമാത്രം അവനോട് ചേർന്ന് നടപ്പാൻ നമുക്കു കഴിയുന്നു. ദൈവത്തിനുവേണ്ടി അവിടുത്തെ സാക്ഷിയാകുവാൻ നമുക്കു കഴിയുന്നു. സർവ്വലോകവും നമുക്കു ശത്രുത്വവും ഉപദ്രവവും ചെയ്യുന്ന ലോകം തനിക്കുള്ളതിനെ സ്നേഹിക്കുന്നു, തനിക്കില്ലാത്തതിനെ പകയ്ക്കുന്നു.

നമ്മുടെ പ്രത്യാശ കർത്താവിന്റെ വരവത്രെ. സൂര്യപ്രകാശത്തിന്റെയും സമാധാനത്തിന്റെയും നാളുകളെ നാം പ്രതീക്ഷിക്കുന്നില്ല, കൊടും കാറ്റിന്റെയും തിരമലകളുടെ നാളുകൾ, നാം ഒരു സുരക്ഷിതമായ സമയങ്ങളെ പ്രതീക്ഷിക്കുന്നില്ല, ലോകമയത്വവും പാപവും ശക്തി പ്രാപിച്ച് കൂടുതൽ ആളുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. സോദോമിന്റെയും ഗോമോറയുടെയും പ്രളയങ്ങളും നാശങ്ങളും പ്രതീക്ഷിക്കുവാനുള്ളൂ. നാം വിശ്വസിക്കുന്നു, അനേക യഹൂദന്മാരെയും ജാതികളേയും സഭയിൽ ദൈവം കൂട്ടിച്ചേർക്കും, അവന്റെ സാക്ഷ്യം ജാതികളുടെ മദ്ധ്യേ ഘോഷിക്കും, മഹാന്യായവിധി വരുന്നു. കർത്താവു വേഗംവരുന്നു എന്ന് നാം കാത്തിരിക്കുന്നു, അവിടുന്നു തന്റെ രാജ്യം സ്ഥാപിക്കും അതത്രേ തങ്ങളുടെ പ്രത്യാശ.

ക്രിസ്തുവിന്റെ മാതൃക പിന്തുടരുക.

പരീശന്മാരോടും ശാസ്ത്രിമാരോടും ലോകത്തിലെ സകലജനത്തോടും ദൈവരാജ്യത്തെക്കുറിച്ച് സംസാരിക്കുവാൻ പിതാവിനാൽ അയയ്ക്കപ്പെട്ട കർത്താവിന്റെ കൃപയിലും സ്നേഹത്തിലും വളരുവാനും കളങ്കമില്ലാത്തവരായി നില്പാനും ദൈവം നമുക്ക് ശക്തി തരുന്നു. എന്നാൽ, സഭ മാനവ ജാതിയുടെ പാപത്തിന്റെ പരിഹാരത്തിനായി, അർപ്പിക്കപ്പെട്ട യേശുവിന്റെ ദിവ്യസ്വഭാവത്തോട് അനുരൂപരാകേണ്ടതിന് പകരം വലിയ ശുശ്രൂഷകന്റെ ശുശ്രൂഷയ്ക്ക് കീഴ്പ്പെടുവാൻ മനസ്സില്ലാതെ സ്വാർത്ഥതയും അവിശ്വാസവും ഉള്ളവരായി തീർന്നിരിക്കുന്നു.

അവൾ തന്നെത്താൻ വിശുദ്ധിയിൽ കാത്തുകൊണ്ട് ദൈവവചനത്തിന്റെ സന്തോഷത്തെ പ്രസംഗിച്ചുകൊണ്ടു, ലോകത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ സൂക്ഷിച്ചുകൊണ്ട് ഏറെ പ്രതിഫലമുള്ള ആത്മാക്കളെ നേടുവനുള്ള ശുശ്രൂഷ

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

സഭയും ലോകവും

ചെയ്തുകൊണ്ട് ആയിരിക്കുന്നു, ഈ ലോകത്തിന് അനുരൂപരാകരുത് എന്നുള്ള അപ്പോസ്തലിക വചനത്തിലൂന്നി ജീവിക്കുന്നു. അവളുടെ അടിസ്ഥാനം സ്വർഗ്ഗീയമാണ്. ലോകത്തിന്റെ പുകഴ്ചയെ നാം അന്വേഷിക്കുമ്പോൾ, ലോകത്തിന്റെ ആത്മാവിന് നാം കീഴ്പ്പെടുമ്പോൾ, നമ്മുടെ വെളിച്ചം കുറയുന്നു, നമ്മുടെ ഉപ്പിന്റെ രുചി നഷ്ടമാകുന്നു. ദാവീദിന് ശൗലിന്റെ ആയുധവർഗ്ഗം കൊണ്ട് ഗോലിയാത്തിനോട് പോരാടുവാൻ സാദ്ധ്യമല്ല. നമുക്ക് ആവശ്യമുള്ളതു ദൈവം നമുക്കു തരുന്നു, നമ്മുടെ ആയുധവർഗ്ഗം ആത്മീകമാണ്.

ക്രിസ്തുവിനോടുകൂടെ മരിച്ചവർക്കുമാത്രമേ, അവനോടുകൂടെ ഉയിർക്കുവാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ രക്ഷകനു വേണ്ടി ജീവിക്കുവാനും നടക്കുവാനും കഴിയുകയുള്ളൂ. പ്രാകൃതനും പുതുക്കം പ്രാപിക്കാത്ത ഒരുവന് അവനെ പിൻപറ്റുവാൻ സാധ്യമല്ല, എന്നാൽ നമ്മുടെ രക്ഷകന്റെ കൃപയെക്കുറിച്ച് നാം അറിയുമ്പോൾ, അവിടുത്തെ പുനരുദ്ധാനത്തിന്റെ ശക്തിയെക്കുറിച്ചും അറിയുമ്പോൾ, യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള പാഠം പഠിക്കുമ്പോൾ, ക്രിസ്തുവിന്റെ ആത്മാവിനെ നാം പ്രാപിക്കുമ്പോൾ നമുക്ക് ദൈവത്തിന്റെ മക്കളായി നടക്കുവാനും ജീവിക്കുവാനും സാധിക്കും.

നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ.

ക്രിസ്തു എല്ലവാർക്കും ശരീരത്തിലെ ഓരോ അവയവത്തിനും, എല്ലാ ക്രിസ്ത്യാനികൾക്കും വ്യക്തിപരമായ ഓരോ ജീവിതത്തിനും പ്രവർത്തിക്കും വിളിക്കും, സ്വന്ത പദവിക്കും, ഒരു പദവിയും താലന്തും എല്ലാമെല്ലാം ആണ്. "നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:16). വെളിച്ചമായവൻ അരുളിച്ചെയ്യുന്നു. നാം ദൈവത്തിൽ നിന്നും ചിതാലന്തുകൾ പ്രാപിച്ചിരിക്കേണം, ചില ആത്മാവിന്റെ ഫലങ്ങൾ തന്റെ നിറവിൽ നിന്നും തന്റെ ശക്തിയും സ്വാധീനവും. നമ്മെ ഓരോരുത്തർക്കും അവസരങ്ങളും, കൃപകളും പകർന്ന് നിറെച്ചു ഒരു പദവികളിലാക്കിയിരിക്കുന്നു. ഓരോരുത്തരും വ്യക്തിപരവും പ്രത്യേകമായും ചെയ്യുവാനുള്ള പ്രവർത്തികൾ, യജമാനൻ, നല്ലകാര്യവിചാരകൻ നമ്മെ ആക്കിവച്ചിരിക്കുന്നു. നാം പ്രകാശം കൊടുക്കുവാനുള്ളവരാണെന്നു ഓർക്കുക. ആളുകൾക്കു വേണ്ടി പകർന്നുകൊടുത്ത വാഴ്ത്തപ്പെട്ട ഗുരുവിന്റെ സ്നേഹമുള്ള ജ്ഞാനത്തെ നമുക്ക് ഓർക്കാം. വിശ്വാസത്തിന്റെ കണ്ണുകൾക്ക് മാത്രം കാണുവാൻ കഴിയുന്നതും, രഹസ്യവും ആത്മീയമായതും ഹൃദയത്തിൽ തറയ്ക്കപ്പെട്ടതും എന്നാൽ എല്ലാവർ ക്കും കാണാൻ കഴിയതക്കവണ്ണം വെളിപ്പെടുത്തപ്പെട്ടതുമാണ്. ദൈവത്തിന്റെ ആത്മാവ് കണ്ണുകളെ തുറന്നുകൊടുക്കുന്നവർക്ക് മാത്രമേ ഇത് കാണുവാൻ കഴിയൂ എന്നതാണ് യഥാർത്ഥ സത്യം, എന്നാൽ ഒർത്ഥത്തിൽ പ്രശംസിപ്പാനും വിധിക്കുവാനും കാണുവാനും അവർക്കു കഴിയും; നമ്മുടെ ജീവിതത്തിലും പ്രവർത്തിയിലും അവിടുത്തെ സ്വാധീനത്തെ നമുക്ക് അനുഭവിച്ചറിയുവാൻ കഴിയും. ദൈവത്തിന്റെ വചനം കല്പിക്കുന്നത് നമ്മുടെ വെളിച്ചം ആളുകൾക്ക് വേണ്ടി പ്രകാശിക്കട്ടെ, അവർ അവന്റെ നല്ല പ്രവർത്തികളെ തികച്ച് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തട്ടെ.

അഡോൾഫ് സഫയർ ഹംഗറിക്കാരനാ മാനസാന്തരപ്പെട്ട ഒരു യെഹൂദനുമായിരുന്നു. ഒരു മിഷ്യനറിയും പാസ്റ്ററുമായി ദൈവത്തെ സേവിച്ചു. ❖

ഒരു പ്രഭാത പ്രാർത്ഥന

By Ruth Paxson

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പ്രീയ പിതാവേ, അവിടുന്ന് മയങ്ങുകയില്ല, ഉറങ്ങുകയുമില്ല, രാത്രിമുഴുവൻ അവിടുത്തെ സംരക്ഷണത്തിനായി ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഇന്നലെ ജീവിതത്തിൽ വന്നുപോയ പാപങ്ങളെ ക്ഷമിച്ചു ഒരു പുതിയ ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ. ഈ ദിവസത്തിന്റെ മണിക്കൂറുകൾ ശ്രേഷ്ഠമാണ്, അത് ഒരിക്കലും തിരിച്ചുവരാതെ ഞങ്ങളെ വിട്ടു കടന്നു പോകുന്നു. ആരാധനയെ നഷ്ടപ്പെടുത്തുന്ന എല്ലാ ചിന്തകളിൽ നിന്നും ഭയങ്ങളിൽ നിന്നും വിടുവിക്കണമേ; യാതൊരു മാനുഷിക ചിന്തകളും സ്വയങ്ങളും ഉയരാതെയിരിക്കട്ടെ. എിക്ക് ഒരു ജീവിതമേയുള്ളൂ, അതിനെ അല്ല ആഹാരത്തെ വാഴ്ത്തി അനേകായിരങ്ങൾക്ക് നൽകിയതുപോലെ എന്റെ ജീവിതത്തെ അനുഗ്രഹിച്ച് അനേകായിരങ്ങൾക്ക് പ്രയോജകരമാക്കേണമേ.

പ്രിയ കർത്താവായ യേശുവേ, ഈ ദുഷ്ടലോകം എന്നെ തൊടുന്നതിനു മുമ്പ് എന്നെ തൊടേണമേ, തീവ്രമായ ബദ്ധപ്പാടുകളും വിശ്രമമില്ലായ്മകളും എനിക്ക് നൽകിയിരിക്കുന്ന വലിയസമാധാന സമ്പത്ത് മറ്റുള്ളവർക്ക് ദാനമായി കൊടുപ്പാൻ എനിക്ക് കൃപ നൽകേണമേ. ജീവിതത്തെക്കുറിച്ച് അമിതസന്തോഷം ഒഴിവാക്കി കഴിഞ്ഞുപോയ നാളുകളെക്കുറിച്ച് അനുതപിച്ച് നിശ്ചയമില്ലാത്ത ഭാവിയെക്കുറിച്ചുള്ള എതിർപ്പുകൾ അതിജീവിച്ചു. സാദ്ധ്യമായതിനെ കാണിച്ചു കൊടുക്കുവാൻ എന്നെ സഹായിക്കണമേ.

ദയയുള്ള പിതാവേ, അങ്ങയുടെ ദയയും കരുണയും നിന്റെ മക്കളുടെ മേൽ അണിയിക്കുന്നതിൽ ഞാൻ നന്ദി അർപ്പിക്കുന്നു. ഞാൻ ദയയുള്ളവനായും, നല്ലവനായും മറ്റുള്ളവരെക്കുറിച്ച് ചിന്തയുള്ളവനായും കാണപ്പെടട്ടെ. ലോകത്തിൽ ധാരാളം പേർ ക്ഷീണിതരായി, ധൈര്യമില്ലാത്തവരായി, പരീക്ഷിക്കപ്പെടുന്നവരായി, ഏകാന്തരായി ഹൃദയരോഗികളായി, ആവശ്യഭാരങ്ങളുള്ളവരായി ആയിരിക്കുന്നു. ദയയുള്ള മനുഷ്യപുത്രാ, എന്നിൽ വസിക്കേണമേ, ഒരു ചിരിയാൽ ഒരു എഴുത്തിനാൽ, ഒരു വാക്കിനാൽ, ഒരു സ്നേഹതലോടലിനാൽ, സ്നേഹത്തിനാൽ ആളുകളെ കണ്ടെത്തി ഞാൻ അനേകർക്ക് ഒരാശ്വാസമായിത്തീരേണമേ. ഈ ചെറിയവരിൽ ഒരുത്തന് ഒരു കപ്പ് തണുത്ത വെള്ളം നിന്റെ മാധുര്യനാമത്തിൽ കൊടുക്കുവാൻ എന്നെ സഹായിക്കേണമേ". ഈ ചെറിയവരിൽ ഒരുത്തന് ചെയ്തത് എനിക്ക് ചെയ്തിരിക്കുന്നു".

എന്റെ ജീവിതം അനേകർക്ക് വായിക്കാൻ കഴിയുന്ന വേദപുസ്തകവചനങ്ങളായിത്തീരട്ടെ. ദൈവത്തിന്റെ ആത്മാവിനാൽ എഴുതപ്പെട്ട ദൈവവചനം എന്റെ ജീവിതത്തിലൂടെ ഒരു ജീവനുള്ള തൂമായിതീരുമാറാകട്ടെ. പ്രിയ കർത്താവേ, ഇന്ന് ഞാൻ അങ്ങയെപ്പോലെ കൂടതലായി തീരുമാറാകട്ടെ. ഓരോ ദിവസവും കൂടുതലായി ഞാൻ നിന്റെ രൂപത്തോടു അനുരൂപമായിത്തീരട്ടെ, നിന്റെ രൂപത്തോട്, ദൈവത്തോട് കർത്താവേ അങ്ങു ആയിരിക്കുന്നതുപോലെ അവിടുത്തെ വാഗ്ദത്ത ദിവസത്തിൽ അങ്ങയെ ഞാൻ കാണുമാറാകട്ടെ.

പ്രീയ പിതാവേ, അങ്ങയുടെ പുത്രന്റെ നാമത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾണമേ ആമേൻ. ❖

ഹൃദയം അലയുന്നതിന്റെ കാരണങ്ങൾ

By George D. Watson

".....ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിക്കാൻ നോക്കിക്കൊള്ളട്ടെ (1കൊരി. 10:12).

" ആകയാൽ ഈ സംഭവിപ്പാനുള്ളതു എല്ലാറ്റിനും ഒഴിഞ്ഞു പോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ". (1കൊരി. 21:36).

അഗോചരമായ ആരംഭങ്ങൾ

ഹൃദയത്തിന്റെ അലച്ചിലുകൾ ആദ്യം നമുക്ക് കാണാൻ കഴിയാത്തതാണ്. അതു കൃപ ചോർന്നു പോകുന്ന അനുഭവമായിരിക്കും., ഏകദേശം കണ്ണിന് കാണാൻ കഴിയാത്ത പരീക്ഷയായിരിക്കും. പിശാചു പതിയെ പതിയെ, കാവൽക്കാരനില്ലാത്ത പട്ടണംപോലെ, ഒരു ദിവ്യമായ അനുഭവമെന്ന് തോന്നിക്കുമാറ് ഹൃദയത്തെ പിടിച്ചെടുക്കുന്നു.

ശരീരത്തിൽ നരബാധിക്കുന്നതുപോലെ ആത്മീയമായ മന്ദതയിട്ടുകൊണ്ട് ഒരു സ്വയത്യാഗത്തിന്റെ പരിവേഷമണിയിച്ചുകൊണ്ട് പോരാടുന്നു. വേദപുസ്തകം പറയുന്നു, "അന്യജാതികൾ അവന്റെ ബലം തിന്നു കളഞ്ഞു എങ്കിലും അവൻ അറിയുന്നില്ല" (ഹോശ. 7:9)

വിലക്കപ്പെട്ടതും നിയമവിരുദ്ധവും ആയ കാര്യങ്ങളിലേക്ക് നോക്കിക്കൊണ്ടാണ് ഇതിന്റെ ആരംഭം. കണ്ണുകളെ പരീക്ഷയിലേക്ക് അറിയാതെ അനുവദിക്കുന്നു. കണ്ണുകളിലൂടെ ചിന്തകളെ പിടിച്ചക്കി അതിന്റെ പരിസമാപ്തിയിലേക്ക് പോകുന്നു. ഇത് ദയയില്ലാത്ത ആസാധാരണമായ അനീതിയുള്ള ആഗ്രഹങ്ങളാണ്. ഇത് ചിന്തയെ കീഴടക്കുന്നു. പരിണതഫലം ചെറുതോ വലുതോ ആയ പാപം ആണ്. ഹവ്വായ്ക്ക് സംഭവിച്ചതുപോലെ, വിലക്കപ്പെട്ട ഫലത്തെ നിന്നു നോക്കി അതു തിന്നു നോക്കി. ഈ നിലയിൽ യേശുവിനെ സാത്താൻ പരീക്ഷിച്ചു. തനിക്കുള്ള സ്വാധീനത്തേയും കാണിച്ചു. എന്നാൽ യേശു തന്റെ ചിന്തയെ തിരിച്ചു, വരുവാനുള്ള ക്രൂശിലേക്ക് നോക്കി.

ഇതാണ് പരീക്ഷ ജയിക്കുവാനുള്ള വഴി. യേശുവിന്റെ രക്തത്തിന്റെ ചിന്ത മനസ്സിലേക്ക് കൊണ്ടുവരിക. യേശുവിന്റെ ക്രൂശിനെ നോക്കുകയാണ്. കലങ്ങി മറിഞ്ഞ മനസ്സിന് ഒറ്റമൂലി.

ഇടതടവില്ലാത്ത സ്വാതന്ത്ര്യങ്ങൾ

അമിത സ്വാതന്ത്ര്യങ്ങൾ കൃപയുടെ നഷ്ടത്തിന് മറ്റൊരുകാരണമാകുന്നു. ധാരാളം കാര്യങ്ങൾ പിന്നെയും പ്രാകൃതവും വസ്തുനിഷ്ടവുമായിട്ടു ലോകത്തിൽ നിന്നും വേർപിരിക്കാത്തതായുണ്ട്. അവ നമ്മുടെ ആന്തരികമായ ചവിട്ടുപടികളായി പലപ്പോഴും അത് നമ്മെ പാപത്തിലേക്ക് നടത്തുന്നു.

പലപ്പോഴും ഇത് നമ്മുടെ സാമൂഹിക ജീവിതത്തിൽ അർത്ഥവത്താണ്. നാം സമൂഹത്തിൽ ഇഴുകിച്ചേരുന്നു, അവിടെ സ്നേഹബന്ധങ്ങൾ വർദ്ധിക്കുന്നു. മനസുകളെ പരസ്പരം ആകർഷിപ്പിക്കുന്ന കാര്യങ്ങൾ വ്യക്തിപരമായ കാര്യങ്ങൾ, അവയൊക്കെയും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു; ഈ വ്യക്തിപരമായ ആകർഷണങ്ങൾ സമൂഹത്തിന്റെ ആകർഷണങ്ങളും എല്ലാം ഉറച്ച ജാഗ്രതപുലർത്തുവാൻ നമ്മെ പ്രേരപ്പിക്കയും ഉറച്ച തീരുമാനത്തിലെത്തിക്കുകയും എല്ലാ അമിത സ്വാതന്ത്ര്യത്തിനെതിരായി നമ്മെ നയിക്കയും ചെയ്യുന്നു.

ആത്മ സംതൃപ്തി

പിന്മാറ്റത്തിന് മറ്റൊന്നു കാണുവാൻ കഴിയുന്നത് അമിതമായ ആത്മവിശ്വാസമാണ്.

നമ്മുടെ ജീവിതം ദൈവത്താൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നു എന്നുള്ള അമിതമായ വിശ്വാസം അഥവാ എല്ലാം എനിക്ക് കഴിയും എന്ന് വിശ്വാസം എല്ലാം ആത്യന്തികമായി എനിക്ക് എല്ലാം കഴിയും എന്നുള്ള വിശ്വാസത്തിൽ എത്തിച്ചേരുന്നു. പത്രോസ് ഇങ്ങനെ ആയിരുന്നു. തനിക്കു ഇങ്ങനെയുള്ള ഉറച്ച വിശ്വാസമായിരുന്നു. എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ നിന്നെ ഉപേക്ഷിക്കയില്ല എന്നു പറഞ്ഞു.

ആത്മ സംതൃപ്തി പല രൂപത്തിൽ കാണുന്നു. മനുഷ്യജീവിതത്തിന്റെ വിവിധ മേഖലകളിൽ വിവിധ സാഹചര്യങ്ങളിൽ ഇത് സ്വാധീനം ചെലുത്തുന്നുണ്ട്. വിശ്വാസികൾ പലപ്പോഴും ദൈവത്തിന്റെ ആത്മാവിന്റെ ആലോചനയിൽ ആശ്രയിക്കാതെ സാഹചര്യങ്ങൾക്കനുസരിച്ച് തീരുമാനങ്ങൾ എടുക്കാറുണ്ട്.

ദൈവം യഹൂദന്മാരോട് അരുളിചെയ്തത്, കനാനിൽ പ്രവേശിക്കണം, നീ ഭക്ഷിച്ച് തൃപ്തി പ്രാപിക്കുമ്പോൾ നിങ്ങളുടെ ദൈവമായ യഹോവ നിനക്കു തന്നിരിക്കുന്ന നല്ല ദേശത്തെക്കുറിച്ച് നീ അവന് സ്തോത്രം ചെയ്യേണം. കർത്താവിനെ മറക്കരുത് (8:10,11) നിറഞ്ഞവയറു ഒരു പരാജയത്തിന്റെ ഓർമ്മയായി. അവർ തടിച്ചുകൊഴുത്തു.

ഇതു പഠിപ്പിക്കുന്നത് കനാൻ ജീവിതത്തിൽ പോലും നാം നമ്മുടെ അനുഭവങ്ങളിൽ ആശ്രയിക്കരുത്. അങ്ങനെ നാം ചെയ്താൽ നാം അതിനെ നഷ്ടപ്പെടുത്തും. ആത്മാക്കളുടെ സാക്ഷ്യം മഞ്ഞുകട്ടപോലെയാണ്. അതിന്മേൽ ആശ്രയിച്ചാൽ ഇത് ഉരുകും.

നാം പണം കൊടുത്ത് കൃപ, ബലം, ജ്ഞാനം, ചില നേട്ടങ്ങൾ സമ്പാദിച്ചാൽ അവ തുടരും എന്ന് യാതൊരു ഉറപ്പും ഇല്ല. ദൈവീക ഉറവിടം അത് വറ്റിപ്പോകാത്തതാണ്.

നല്ല ജീവിതം

പിന്മാറ്റത്തിന്റെ അടുത്ത കാരണം എന്നത് നല്ല ജീവിതം എന്ന ചിന്തയാണ്. അമേരിക്കയെക്കാൾ ആഡംബരജീവിതം ചെയ്യുന്ന ആളുകൾ സർവ്വ സാധാരണമാണ്. സാധാരണജനങ്ങൾ തങ്ങളുടെ വീടുകൾ ഫർണീഷ് ചെയ്യുന്നു. വീടുകൾ, വസ്ത്രം, ഉന്നതനിലവാരത്തിലുള്ള ആഹാരം, ആഡംബരമായ ജീവിതം, രാജാക്കന്മാർപോലും ചെയ്യാത്ത കാര്യങ്ങൾ ഈ ആഡംബര ജീവതം, ദൈവകൃപയിൽ ജീവിതത്തിനെതിരാണ്.

മനുഷ്യ ചരിത്രത്തിൽ അധ:പതനത്തിന്റെ പ്രധാനകാരണം, ആഡംബരജീവിതമാണ്. പതിനായിരക്കണക്കിനാളുകളുടെ അധ:പതനത്തിനിടയാക്കിയ, ആഡംബര ഭക്ഷണം, മൃദുവായി ഫർണീച്ചറുകൾ, ആഡംബര വസ്ത്രധാരണം ചെലവേറിയ കാറുകൽ തുടങ്ങി നിയന്ത്രണമില്ലാത്ത ജീവിതരീതികളാണ്

പ്രയാസങ്ങളെ സഹിച്ച്, ലളിത ജീവിതം നയിച്ച്, ഒന്നിനും അമിത പ്രാധാന്യം കൊടുക്കാത്ത മാതൃകാ ക്രിസ്ത്യാനികൾ ഇന്ന് വളരെ വിരളമായിരിക്കുന്നു.

യേശു ഇതിനെതിരെ മുന്നറിയിപ്പ് തരുന്നു, "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും, മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ " (ലൂക്കൊ. 21:35).

തോന്നലുകൾ

പിൻമാറ്റത്തിന് അടുത്ത കാരണം ചില തോന്നലുകളാണ്. അതായത് ദൈവത്തോട് അടുത്ത് ജീവിക്കുന്നവർക്ക് എല്ലാം ഭംഗിയായി ചെയ്തുകൊടുക്കുന്നു, ജീവിതത്തിൽ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ഹൃദയം അലയുന്നതിന്റെ കാരണങ്ങൾ

കുറവുകൾ ഉള്ളവർക്ക് ദൈവം ചിലത് തടഞ്ഞുവച്ചിരിക്കുന്നു എന്നുള്ള തോന്നലുകൾ. സാത്താൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ദൈവത്തിന്റെ വളർത്തു മൃഗങ്ങളാണ്. നിങ്ങൾക്ക് വേണ്ടി ചെയ്യുന്നതിലുപരിയായി തന്റെ മക്കൾക്ക് വേണ്ടി ചെയ്യുന്നു; നിങ്ങളുടെ കാര്യത്തിൽ ദൈവം ധാരാളം ഒഴികഴിവുകൾ ചെയ്യുകയാണ്. മറ്റുള്ളവർക്കു വേണ്ടി ദൈവം ഒന്നും ചെയ്യുന്നില്ല.

ഈ പരീക്ഷ ശലോമോന്റെ ജീവിതത്തിലും വന്നു. ദൈവത്തോടുള്ള ബന്ധത്തിൽ തനിക്ക് നല്ല ഉറപ്പുണ്ടായിരുന്നു. തുല്യം പറയാൻ കഴിയാത്ത ജ്ഞാനവും അറിവുമായിരുന്നു, സാത്താൻ തന്റെ ജീവിതത്തിൽ ചില തോന്നലുകൾ ഇട്ട് പരീക്ഷിക്കുകയാണ്. ലോകത്തിലെ വലിയ ജ്ഞാനി പൊടിയിൽ വീണ് നിലവിളിക്കുകയാണ്, “ ഹാ മായ, മായ, സകലവും മായ അത്രേ ” (സഭാപ്രസംഗി 1:2).

ഇതാണ് സാത്താൻ യേശുവിന്റെ കാര്യത്തിലും പരീക്ഷിച്ചത്, യേശുവിനെകൊണ്ടു പോയി ദൈവാലയഗോപുരത്തിന്മേൽ നിർത്തി. ദൈവത്തിന് നിന്നോട് വലിയ കരുതലുണ്ട്. അതുകൊണ്ട് തന്റെ ദൂതന്മാരോട് താങ്ങുവാൻ കല്പിക്കും എന്നു പറഞ്ഞു.

ഈ തത്വം അനേക കാര്യങ്ങളിൽ കാണാൻ കഴിയും. ദൈവം തന്റെ സ്നേഹത്തിൽ എന്നപോലെ ശിക്ഷയിലും പക്ഷപാതം കാണിക്കുന്നില്ല. ദൈവം അനുതപിക്കുന്ന പാപിയെ രക്ഷിക്കുന്നു. ഒരു മോശയോട് പോലും ദൈവത്തെ മുഖാമുഖമായികാണുവാൻ. തോന്നലുകൾ സാത്താന്റെ വലിയ ആയുധമാണ്, സാത്താൻ ആയിരക്കണക്കിന് രീതികളിൽ ദൈവമക്കളെ നശിപ്പിക്കുവാനായി അതിനെ ഉപയോഗിക്കുന്നു.

പ്രയാസങ്ങൾ

കൃപയുടെ ചോർച്ചയ്ക്ക് അടുത്ത കാരണം, നമ്മുടെ പ്രയാസങ്ങളെ നിരത്തുക എന്നതാണ്. വീണുപോയ ലോകത്തിൽ നമ്മുടെ പ്രയാസങ്ങളെ നിരത്തികൊണ്ട് സാത്താൻ പോരാടുകയാണ്. പാപക്ഷമയും, വിശുദ്ധജീവിതവും അന്വേഷിക്കുന്ന ഈ ജീവിതത്തിൽ പ്രയാസങ്ങൾ ധാരാളമുണ്ട്; കൃപയിൽ വളരുന്നതിൽ പ്രയാസങ്ങളുണ്ട്. നമ്മുടെ സ്വന്ത മനസ്സിലും സ്വഭാവത്തിലുമുള്ള തടസങ്ങൾ സാമൂഹ്യമായ ചുറ്റുപാടുകൾ, നമ്മുടെ തെറ്റായ പഠിപ്പിക്കലുകൾ, എണ്ണമില്ലാത്ത തടസ്സങ്ങൾ, ജീവിതത്തിലാകമാനം ദു:ഖിപ്പിക്കുന്നു പ്രയാസങ്ങൾ; ഈ പ്രയാസങ്ങളിലേക്കു ഉറ്റുനോക്കികൊണ്ട് നമ്മുടെ വിശ്വാസ ജീവിതത്തെ ക്ഷയിപ്പിക്കുന്നു, മനസ്സിനെ മടുപ്പിക്കുന്നു, കാഴ്ചപ്പാടുകളെ മന്ദീഭവിപ്പിക്കുന്നു, അങ്ങനെ ആത്മാക്കളെ ദൈവത്തിൽ നിന്നും അകറ്റുന്നു.

നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് ചില സന്ദർഭങ്ങളിൽ പരീക്ഷയ്ക്ക് അനുവദിച്ചുകൊടുക്കാറുണ്ട്. ആ സന്ദർഭങ്ങൾ മുതലാക്കികൊണ്ട് സാത്താൻ പാപം ചെയ്യുവാൻ നമ്മെ നിർബന്ധിക്കുന്നു. വിശ്വാസത്തെ പരിശോധിക്കുവാൻ ദൈവം അനുവദിക്കമ്പോൾ തന്നെ ചില അനുസരണക്കേടുകളേയും നിരത്തികൊണ്ട് സാത്താൻ പോരാടുന്നു.

ആത്മാവിന്റെ നിഷ്ഠൂരത (കാഠിന്യം)

ആത്മാവിന്റെ കാഠിന്യത്താലും കർക്കശമായ ന്യായവിധിയാലും കൃപനഷ്ടപ്പെടുകയും ആത്മീയ അടിമത്വത്തിൽ അകപ്പെടുകയും ചെയ്തിട്ടില്ലാത്ത ചില ആത്മാക്കൾ പോലും മറ്റുള്ളവരുടെ അപലപനീയതയിലുണ്ടു.

മറ്റുള്ളവരെ അപലപിക്കുന്നതിനുള്ള ഒരു പിന്നോക്ക മാർഗ്ഗമുണ്ട്. അതേ അനുപാതത്തിൽ നാം മറ്റുള്ളവരെ വീഴ്ത്തുന്നു. സ്വയം ഉയർത്താൻ നം ആഗ്രഹിക്കുന്നു. സ്വയം അഭിനന്ദിക്കാതെ മറ്റൊരാളെ ചീത്ത പറയുക അസാദ്ധ്യമാണ്.

മഹത്തായ ആത്മീയത അവകാശപ്പെടുന്ന ആത്മാക്കൾ തങ്ങൾ അപലപിച്ച പാപത്തെക്കാൾ കൂടുതൽ പാപം ചെയ്യുന്ന തരത്തിൽ പാപത്തെ അപലപിച്ചിട്ടുണ്ട്. മുഴുവൻ ക്രിസ്തീയ ജീവിതത്തിൽ മറ്റുള്ളവരെ അപലപിക്കുന്നതിനേക്കാൾ സൂക്ഷ്മമായി അപകടകരമായ മറ്റൊന്നില്ല. പാപത്തിന് മറ്റൊരാളെ ശാസിക്കാൻ മറ്റേതൊരു കടമയെക്കാളും കൂടുതൽ വിനയം ആവശ്യമാണ് എന്ന് ഒരു പഴയ ആത്മീയ എഴുത്തുകാരൻ പറഞ്ഞിട്ടുണ്ട്. പാപത്തെ അടിക്കുക, കഠിനമായി അടിക്കുക ആളുകൾ പറയുന്നത് നാം ചിലപ്പോഴൊക്കെ കേൾക്കാറുണ്ട്. എന്നാൽ ഇത്തരം ജോലികളിലേക്ക് വന്നു പ്രലോഭനം അത് പൂരിതമല്ലെങ്കിൽ കണ്ണീരോടും ആർദ്രതയോടും കൂടി അദ്ദേഹത്തിന് ഉറപ്പ് നല്കിയിട്ടില്ലെങ്കിൽ അത് ചെയ്യുന്ന ആത്മാവിനെ തകർക്കുകയുള്ളൂ, സാത്താനെ ചിരിപ്പിക്കുകയും പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുകയും ചെയ്യുന്ന വിധം ആത്മാഭിനന്ദനത്തിന്റെ പരോക്ഷമായ സ്വരത്തിൽ പാപത്തിന്റെ അപകീർത്തികരമായ സ്വഭാവത്തെക്കുറിച്ച് വളരെ ചൈതന്യത്തോടെ പ്രസംഗിക്കുന്നത് സാധ്യമാണ്.

സ്നേഹത്തോടെയല്ലാത്ത നിന്ദിക്കലും, മായമില്ലാത്ത ന്യായവിധിയും കരുണയില്ലാത്ത വിമർശനവും, മൂർച്ചയുള്ള വാളുകൊണ്ട് ഒരു നികൃഷ്ട വിമർശനവും എത്രയോ ആയിരങ്ങളുടെ യഥാർത്ഥ സ്നേഹത്തിന്റെ മധുരിമ നഷ്ടപ്പെടുവാനും ദൈവത്തോടുകൂടെ നടക്കുന്നതിൽ നിന്ന് അകറ്റുവാനുമിടയാക്കിയിട്ടുണ്ട്.

നിറമില്ലാത്ത ദ്രാവകം ഉയരങ്ങളിലേക്ക് ഒഴുകുന്നതുപോലെ തന്നെ സൂക്ഷ്മമാണ് ആത്മനീതി. കൃപയുടെ ഏറ്റവും ഉയർന്ന അവസ്ഥയിലേക്ക് സ്വയം കടന്നു വരാനും മറ്റുള്ളവരോട് കർക്കശമായി പെരുമാറുവാനും പിശാച് നിങ്ങളെ പ്രലോഭിപ്പിക്കും. ധീരനും വീരനുമാണെന്ന വ്യാജേന ഏകാകിയെ അപലപിക്കാൻ ഭയപ്പെടാതെ, നിങ്ങൾ അവനെയും അവന്റെ എല്ലാ പ്രവർത്തികളെയും എത്രമാത്രം അപലപിച്ചാലും അവൻ കാര്യമാക്കുന്നില്ല. അയാൾക്ക് കഴിയുമെങ്കിൽ അവന്റെ പൈശാചിക വിനാഗിരിയുടെ ഒരു തുള്ളി മാത്രം നിങ്ങളുടെ ഹൃദയത്തിൽ വയ്ക്കുക. അത് നിങ്ങൾക്ക് നല്കാവുന്ന എല്ലാ പ്രഹരങ്ങൾക്കും അവന് പ്രതിഫലം നല്കും.

ആത്മാവിന്റെ വെളിച്ചം

അവസാനമായി പിന്മാറ്റത്തിന്റെ കാരണമായി കാണുന്നത്, ആത്മാവിന്റെ പ്രകാശനമാണ്. ഇതു പ്രത്യക്ഷമായി മുമ്പ് പറഞ്ഞ വസ്തുതകൾക്ക് വിരുദ്ധം എന്നു തോന്നും. എന്നാൽ നിസാരസംഗതികൾ, തമാശ, ചിരി എന്നിവയിലൂടെ ആത്മാവിന്റെ ചോർച്ച സംഭവിക്കാം. എന്നാൽ നൂറു കണക്കിനാളുകൾ ഒരു തമാശ, ഒരു ചിരി, ഒരു പൊട്ടിച്ചിരി എന്നിവയിൽ കൃപ നഷ്ടപ്പെട്ടുപോകാതെ തങ്ങളുടെ ജീവിതത്തെ കാത്തുസൂക്ഷിച്ചു കൂട്ടായ്മയിൽ നിലനിന്ന് അനുഗ്രഹിക്കപ്പെടുന്നുണ്ട്. വളരെക്കുറച്ച് വിശ്വാസികൾ മാത്രം അപകടം മനസ്സിലാക്കി കാര്യങ്ങളെ വിവേചിച്ച് കൂട്ടായ്മയിൽ നില്ക്കാൻ ശ്രമിക്കുന്നു. യാതൊരു പ്രലോഭനങ്ങളും നമ്മെ അകറ്റുവാൻ അനുവദിക്കാതെ ദൈവത്തിന്റെ ഇടപെടലിനായി നമ്മെ ഏല്പിച്ച് ശാന്തമായ പുതുക്കപ്പെട്ട ആത്മാവിനാൽ മുന്നേറാം. ❖

ഹൃദയത്തിന്റെ അലച്ചിലിന്റെ പരിഹാരമാർഗ്ഗങ്ങൾ

By George D Watson

ഹൃദയം അലച്ചിലിന്റെ ഒന്നാമത്തെ പരിഹാരമാർഗ്ഗം എന്നത് സ്വയസമർപ്പണമാണ്, ഒഴികഴിവുകളിലും, സ്വയനിയന്ത്രണത്തിലും സാത്താൻ നിയന്ത്രിതമായ വലയത്തിൽ നിന്നും രക്ഷപ്പെട്ട്, വിടുതൽ പ്രാപിച്ച്, ദൈവനാമം മഹത്വപ്പെടുമാറാകേണം. സ്വയത്തിന്റെ എല്ലാ പരിചയങ്ങളേയും ജീവിതത്തിൽ നിന്നും ഇല്ലാതെയാക്കേണം.

ഇത് ഏതു പിന്മാറ്റക്കാരനും മടങ്ങിവന്ന് മാനാസന്തരപ്പെട്ട ജീവിക്കുവാൻ നൽകിയിരിക്കുന്ന വലിയ മാർഗ്ഗമാണിത്; ആത്മാക്കൾ ഒരിക്കലും പിന്മാറിപോകാതിരിക്കുവാൻ ദൈവം നൽകിയിരിക്കുന്ന മാർഗ്ഗമാണിത്. മാനാസന്തരം എന്നത് ആളുകൽ പിന്മാറിപ്പോകാതെ നിലനില്ക്കുവാൻ ഉള്ള ദൈവത്തിന്റെ ദാനമാണ്. “ അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരക്കുന്നുവോ? ” (റോമർ. 2:4)

ദൈവത്തോട് നല്ല മനസാക്ഷിയായിരിക്ക:

അടുത്ത പരിഹാരം എന്നത് ദൈവത്തോട് നല്ല മനസാക്ഷിയുള്ളവരായിരിക്ക എന്നതാണ്. നാം ന്യായവിധി ദിനത്തോട് അടുത്തുകൊണ്ടിരിക്കുകയാണ്. ന്യായവിധിയുടെ ദിവസം നമുക്ക് ആവശ്യമായിരിക്കുന്നു എന്ന് നാം അറിയുന്നു; ഇത് വലിയ ഒരു പ്രതിവിധിയായിരിക്കാം; അതിൽ പണത്തിന്റെ നഷ്ടമോ ലോകം നൽകുന്ന ബഹുമാനമോ പദവിയോ നഷ്ടപ്പട്ടേക്കാം; കൂട്ടുകാരെ നമുക്കു നഷ്ടമായേക്കാം; ക്ഷാമമോ, തിരസ്ക്കാരണമോ, ജയിൽവാസമോ, ആകേണ്ടി വന്നേയ്ക്കാം.

കഷ്ടതയും ദു:ഖവും കണ്ണീരിന്റെ അനുഭവങ്ങളും വന്നേയ്ക്കാം; അനന്തമായ കണ്ണീരും വേദനയും എന്നാൽ ദൈവത്തിന്റെ കോപത്തിനും നരകത്തിന്റെ ജ്വലനത്തിനും പാപമാകുന്നതിനേക്കാൾ നല്ലത്.

ദൈവം തന്നെ സ്നേഹിക്കുന്നവരെ അറിയുന്നു, തന്റെ സൃഷ്ടികളെ അവൻ വിധിക്കുന്നു. അവനോട് ചേർന്ന് എന്തു വില കൊടുത്തും അന്ത്യത്തോളം പതറാതെ നല്ല മനസാക്ഷിയിൽ ജീവിക്കാം.

ആശ്വാസത്തിനായി കർത്താവിങ്കലേക്ക് നോക്കാം.

വിടുതലുകൾക്കും ആശ്വാസത്തിനുമായി നല്ല മനസാക്ഷിക്കുമായി യേശുവിനെ മാത്രം നോക്കി വിളിക്കാം. ആശ്വാസം കണ്ടെത്താൻ വേണ്ടി ഏതെല്ലാം വഴികൾ തേടുന്നു എന്ന് മനുഷ്യൻ അറിയുന്നില്ല. ലോകത്തിൽ അതിനെ നൽകുവാൻ സാദ്ധ്യമല്ല, എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ നിത്യമായ സമാധാനം വേണ്ടുവോളം ഉണ്ട്. നാം ആഗ്രഹിക്കുന്ന ആശ്വാസവും സമാധാനവും ദൈവത്തിൽ നിന്നുമാണ് നമുക്കു ലഭിക്കുന്നത്. നിത്യമായ ദയയും സ്നേഹവും വേണ്ടുവോളം ആശ്വാസങ്ങളും ദൈവസന്നിധിയിലുണ്ട്.

പിന്മാറ്റക്കാർക്ക് മടങ്ങിവന്ന് ദൈവസ്നേഹം അനുഭവിപ്പാൻ വേണ്ടി അത്ഭുകരമായ അനേകവാഗ്ദത്തങ്ങളെ ദൈവം നൽകിയിട്ടുണ്ട്. പിന്മാറ്റക്കാരോട് കർത്താവ് പറയുന്നു. ഞാൻ നിങ്ങളെ വിവാഹം ചെയ്തിരിക്കുന്നു. ദുഖിച്ചിരിക്കുന്ന ഹൃദയങ്ങളോട് മടങ്ങിവരുനാൻ ദൈവം കല്പിക്കുന്നു. “ എഫ്രെയീമേ ഞാൻ നിന്നെ എങ്ങനെ വിട്ടുകൊടുക്കും ” (ഹോശ. 11:8).

“ യിസ്രായേലേ, നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്ക് മടങ്ങിച്ചെല്ലുക; നിന്റെ അകൃത്യം നിമിത്തം അല്ലോ നീ വീണിരിക്കുന്നത്, നിങ്ങൾ അനുതാപവാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്ന് അവനോട്: സകല അകൃത്യങ്ങളെയും ക്ഷമിച്ച് ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ; എന്നാൽ ഞങ്ങൾ ഞങ്ങളുടെ അധരാർപ്പണമായ കാളകളെ അർപ്പിക്കും. അശ്ശൂർ ഞങ്ങളെ രക്ഷിക്കയില്ല ഞങ്ങൾ കുതിരപ്പുറത്തു കയറി ഓടുകയോ ഇനി ഞങ്ങളുടെ കൈവേലയോട് ഞങ്ങളുടെ ദൈവമേ എന്നു പറകയും ഇല്ല. അനാഥന് തിരുസന്നിധിയിൽ കരുണ ലഭിക്കുന്നുവല്ലോ എന്ന് പറവിൻ. അവൻ അവരുടെ പിന്മാറ്റത്തെ ചികിത്സിച്ചു സൗഖ്യമാക്കും; എന്റെ കോപം അവനെ വിട്ടുമാറിയിരിക്കയാൽ ഞാൻ അവരെ ഔദാര്യമായി സ്നേഹിക്കും. ഞാൻ യിസ്രായേലിന് മഞ്ഞുപോലെയിരിക്കും. അവൻ താമരപോലെ പൂത്തുലെബനോൻ വനം പോലെ വേരൂന്നും. അവന്റെ കൊമ്പുകൾ പടരും; അവന്റെ ഭംഗി ഒലിവു വൃക്ഷത്തിൻ ഭംഗി പോലെയും അവന്റെ വാസന ലെബാനോന്റെത് പോലെയും ഇരിക്കും” (ഹോശ. 14:1-6).

ആളുകൾ വിടുതലിനും ഉദ്ധാരണത്തിനും, ആശ്വാസത്തിനും വേണ്ടി ദൈവപുത്രനായ യേശുവിനെ മാത്രം നോക്കുന്നു. ഇത് നമുക്കു വേണ്ടുവോളം സാന്ത്വനങ്ങളും ധൈര്യവും തരുന്നു, കൂടാതെ സഭ നമുക്ക് സഹായവും സാന്ത്വനവും നല്ല കൂട്ടായ്മയും തരുന്നു, പ്രതിഫലം ആഗ്രഹിക്കാതെ നമ്മെ സഹായിക്കുന്നു. ഇതാണ് ആത്മാക്കൾക്ക് ആശ്വാസം പ്രാപിക്കാനുള്ള ഉറപ്പുള്ള ശക്തമായ വഴി.

അധൈര്യപ്പെടുത്തലുകളെ ചെറുത്തു നിൽക്കുക.

അധൈര്യപ്പെടുത്തലുകൾക്ക് വഴിപ്പെടരുത്. എന്നതാണ് അടുത്ത മാർഗ്ഗം. പരീശോധനകളും കാർമേഘ പടലങ്ങളും നമ്മെ അധൈര്യപ്പെടുത്തുന്നതും വേദനാജനകമായിരിക്കും.

സങ്കീർത്തനക്കാരൻ പറയുന്നു; എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നത് എന്ത്? ദൈവത്തിൽ പ്രത്യാശ വെയ്ക്കുക; അവൻ എന്റെ മുഖപ്രകാശരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും (സങ്കീ. 43:5).

ഏതു പ്രതിസന്ധിഘട്ടങ്ങങ്ങളിലും പ്രത്യാശയോടിരിക്കുക എന്നുള്ളതാണ് ഏറ്റവും ശ്രേഷ്ഠമേറിയ പോംവഴി. ആയിരിക്കണക്കിനു സ്വർഗ്ഗീയ വിശുദ്ധന്മാർ അവർ കടന്നു പോയ പരിശോധനകൾ വേദനകൾ, കഷ്ടതകൾ എന്നിവയിലൂടെ കടന്നുപോകുമ്പോൾ അവർക്ക് ഇതാണ് ഏറ്റവും വലിയ പരിഹാരമാർഗ്ഗം.

പാപത്തിന്റെ ദു:ഖം

അടുത്ത പരിഹാരമാർഗ്ഗം പാപത്തെ ഓർത്ത് ദു:ഖിക്ക എന്നതാണ്. രണ്ടു വിധ ദു:ഖങ്ങളുണ്ട്. ഒന്ന് മരണത്തിലേക്ക് നയിക്കുന്നു മറ്റേത് ജീവനിലേക്ക് നയിക്കുന്നു. പാപത്തിന്റെ വഷളത്വത്തിന്റെ ദു:ഖം. വിശുദ്ധന്മാരെ സ്ഥിരമായി ഉപദ്രവിക്കുന്നതിൽ പൗലൊസിനുള്ള ദു:ഖം. എന്നാൽ ദൈവസന്നിധിയിൽ പ്രാർത്ഥിപ്പാനും ധ്യാനിക്കുവാനും ഇടയാകുന്നു.

പാപത്തിന്റെ ദു:ഖം നമ്മുടെ സ്വൈര്യജീവിതത്തെ നഷ്ടപ്പെടുത്തുന്നു. നാം ദിവ്യമായ സങ്കടത്തിൽ വളരുന്നു. എന്നാൽ അത് താഴ്മയും വിശ്വാസവും നമ്മിൽ വർദ്ധിച്ച് മനോദു:ഖം ഇല്ലാതാക്കുന്നു. ഈ ദു:ഖം നമ്മെ ദൈവത്തോട് അടുപ്പിക്കുന്നു. യേശു പറഞ്ഞ തത്വം ഇതിനോട്

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

ഹൃദയത്തിന്റെ അലച്ചിലിന്റെ പരിഹാരമാർഗ്ഗങ്ങൾ

യോജിക്കുന്നു. " അധികം ഇളെച്ചു കിട്ടിയവൻ അധികം സ്നേഹിക്കുന്നു " (ലൂക്കോ. 7:36-50). ഇത് കർത്താവിന്റെ രക്തത്തിന്റെ ഉറവിന്നരികെയുള്ള താണ്. ഇത് ശാന്തമായിക ണ്ണീർപൊഴിക്കുന്നു. ഇത് കർ ത്താവിന്റെ ക്രൂശിനെ ആലിംഗനം ചെയ്യുന്നു. ഈ സ്നേഹസമ്പന്നമായ പാപത്തെക്കുറിച്ചുള്ള ദു:ഖം ആത്മിക അപകടങ്ങളിൽ നിന്നും നമ്മെ വിടുവിക്കുന്നു; ഇത് മുഴുജീവിതത്തെയും അധികം ഭയം ഉളവാക്കി തീർക്കുന്നു. ഇത് നമ്മെ ആഴമായ വഴക്കമുള്ള ദൈവസ്നേഹമുള്ള സ്വഭാവം തരുന്നു; ഇത് എല്ലാ പരുക്കൻ ഹൃദയങ്ങളെയും അകറ്റുന്നു; ഇത് മറ്റുള്ളവർക്ക് ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുവാൻ നമ്മെ സഹായിക്കുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങൾക്ക് ഒരു കേടും കൂടാതെ, വേദനയകറ്റി ദു:ഖം അകറ്റി നമ്മെ കാക്കുന്നു. അപകടം നിറഞ്ഞ ഈ ലോക ജീവിതത്തിൽ കൂടുതൽ ഉത്സാഹികളായി തീർക്കുന്നു. ദൈവത്തിന് യോഗ്യന്മാരാക്കി തീർക്കുന്നു.

തെറ്റുകളെ ചവിട്ടുപടികളാക്കാം.

അടുത്ത പരിഹാരമാർഗ്ഗം എന്നത്, ജീവിതത്തിന്റെ എല്ലാ തോൽവികളേയും കൃപയിൽ വളരുവാനുള്ള അവസരങ്ങളായി കാണുക എന്നതാണ്. നമ്മുടെ ജീവിതത്തെ ഒരു വിരോധാഭാസമായി (എല്ലാ ആത്മീക ജീവിതവും ഒരു വിരോധാഭാസമാണ്) ജീവിതത്തിന്റെ എല്ലാ വീഴ്ചകളേയും ഉയർച്ചകളിലേയ്ക്കുള്ള ചവിട്ടുപടികളാക്കി ദൈവകൃപയിൽ ജീവിക്കാം.

ഇത് ആയിരക്കണക്കിന് ജീവിതങ്ങളിൽ സംഭവിച്ചിരിക്കുന്നു. അവർ കൃപയിൽ നിന്ന് അനവധി വീഴ്ചകൾ അനുഭവിക്കുന്നവർ എങ്കിലും അവരെ ഉണർത്തി തമ്മിൽ ഐക്യമുള്ളവരായി സ്വയ വർജ്ജനത്തിന് തയ്യാറാക്കി കർത്താവിനോട് പറ്റിച്ചേർന്ന് തോൽവികളിൽ പതറിപോകാതെ വിശ്വസ്തരായി നില്ക്കുവാൻ സഹായിക്കുന്നു (2 കൊരി. 7:6-11).

ഇതാണ് പിശാചിനോട് പോരാടി അവന്റെ തന്ത്രങ്ങളെയും നാശങ്ങൾക്കും പ്രതികാരം ചെയ്ത് ജീവിപ്പാനുള്ള ഏകവഴി. അങ്ങനെ സ്വർഗ്ഗത്തിലും ഭൂമിയിലുള്ളതും എല്ലാം വിജയങ്ങളും പരാജയങ്ങളും നമ്മുടെ നന്മയായി ഒരുമിച്ച് പ്രവർത്തിച്ച് നിലനില്ക്കുവാനായി നമുക്കുള്ള ഏക വഴി.

എന്നാൽ ഈ ശ്രേഷ്ഠമേറിയ വിജയം നമുക്ക് ലഭിക്കുന്നത് താഴ്മയുടെയും സമ്പൂർണ്ണതയുടെയും അനുതാപത്തിന്റെയും വ്യവസ്ഥയിലൂടെയാണ് എന്ന് നാം ഓർക്കണം. നാം പൂർണ്ണ വിശ്വസ്തതയോടെ ദൈവത്തിലേക്ക് തിരിഞ്ഞ് നാം ദൈവത്തെ സ്നേഹിക്കേണ്ടതാണ്. പരിശുദ്ധാത്മാവ് തന്റെ മഹത്വത്തിനു വേണ്ടി ചെയ്യാവുന്നതാണ്.

നമ്മുടെ ജീവിതത്തിന്റെ ഓരോ തെറ്റുകളും കുറ്റങ്ങളും കുറവുകളും കൂടുതൽ നമ്മെ താഴ്മയുള്ളവരാക്കുവാൻ ദൈവത്തോട് കൂടുതൽ ചേർന്നു നടക്കുവാൻ നമുക്കു തീരുമാനിക്കാം.

സ്വയത്യാഗം

പിന്മാറ്റത്തിനുള്ള അടുത്ത പരിഹാരം എന്നത് സ്വയത്യാഗമാണ്. ഇത് എല്ലാ ആത്മീയ വിജയത്തിന്റെയും അടിസ്ഥാനതത്വമാണ്. അതിസൂക്ഷ്മമായ വഴിയിലൂടെ നമ്മുടെ സ്വയം വളർന്നുകൊണ്ടിരിക്കുന്നു. എന്നാൽ സ്വയത്യാഗം നമ്മുടെ ജീവിതത്തെ വിജയത്തിലേയ്ക്ക് നയിക്കുന്നു. ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ഉപദേശം വേണ്ടുംവണ്ണം ജീവിതത്തിൽ പ്രായോഗികമാക്കിയിട്ടില്ല. എന്നാൽ സഭയുടെ ചരിത്രം പഠിച്ചാൽ ആത്മീയജീവിതത്തിന്റെ ഉന്നതികളിൽ ജീവിച്ച അനേകം വിശുദ്ധന്മാർ തങ്ങളെതന്നെ ശക്തീകരിച്ചത്, ആസക്തികളിൽ നിന്നും, മാനസികോല്ലാസങ്ങളിൽ നിന്നും, ലൗകിക ഉല്ലാസത്തിൽ നിന്നും വിടുതൽ നൽകുന്ന ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും സ്വയത്യാഗത്തിലൂടെയുമാണ്.

പതിനായിരക്കണക്കിനു വിശ്വാസികൾ അളവില്ലാതെ ഭക്ഷണം കഴിക്കുന്നു, ധാരാളം സംസാരിക്കുന്നു, ഉചിതമല്ലാത്തതിൽ സന്തോഷിക്കുന്നു, ദൈവത്തിന്റെ പരിശുദ്ധാത്മാവ് ദു:ഖിക്കുന്നു, രഹസ്യപാപങ്ങൾക്ക് അടിസ്ഥാനം ഇടുന്നു, ഗുരുതരമായ വീഴ്ചകളിലേക്ക് പോകുന്നു. സന്തോഷഉല്ലാസങ്ങളും, മാനസികഉല്ലാസങ്ങളും ആയിരക്കണക്കിന് ക്രിസ്ത്യാനികളെ നശിപ്പിക്കുന്ന വിഷം ആണ്.

കാലങ്ങൾ കടന്നുപോകുമ്പോൾ താപസവൃത്തി അതിന്റെ പാരമ്യതയിൽ എത്തിച്ചേരുകയാണ്. എന്നാൽ ഈ കാലങ്ങളിൽ സത്യാന്വേഷികൾ വളരെ കുറയുന്നു എങ്കിലും സ്വയത്യാഗികളായ ദൈവമക്കൾ ഉണ്ട്. പത്രോസ് ജനത്തെ പ്രബോധിപ്പിച്ച് പറയുന്നത്, സ്വയത്യാഗത്തിന് പ്രോത്സാഹനം കൊടുപ്പിൻ (1 പത്രൊ.4:1-6). സ്വയവർജ്ജനത്തിന്റെ തത്വം നമ്മുടെ ജീവിതത്തിൽ പകർത്തി നമ്മുടെ കണ്ണുകളെ, നമ്മുടെ വാക്കുകളെ, നമ്മുടെ ചിന്താഗതികളെ, നമ്മുടെ സാമൂഹ്യജീവിതത്തിൽ, നമ്മുടെ വ്യക്തിജീവിതത്തെ അലങ്കരിച്ച് നമ്മുടെ ശരീരത്തെയും മനസ്സിനെയും നമ്മുടെ അന്തരാത്മാവിനെയും ദൈവകരങ്ങളിൽ ഏല്പിക്കുക.

ആവലാതികളും സങ്കടങ്ങളും നിറഞ്ഞ ഈ ലോകത്തിൽ ഈ തത്വം ഒരു കഠിന ഉപദേശമായി നമുക്കു തോന്നാം. എന്നാൽ കർത്താവിന്റെ ക്രൂശീകരണത്തോട് താതാമ്യം ചെയ്യുമ്പോൾ ഇത് ഏതുമില്ല എന്നുതോന്നും. എന്നാൽ ഇത് നമ്മെ പുത്തൻ ജീവിതാനുഭവങ്ങളിലേയ്ക്ക് നടത്തുകയും രഹസ്യസന്തോഷത്തിലേയ്ക്കും സ്വർഗ്ഗീയ മാധുര്യ അനുഭവങ്ങളിലേക്കും നമ്മെ നടത്തുകയും ആഴമായ സന്തോഷവും സമാധാനവും നമ്മെ അണിയിച്ച് ആന്തരികമായ അനുഭവങ്ങളിലേക്ക് നമ്മെ നടത്തുകയും ചെയ്യുന്നു.

ആത്മീയ പരിശ്രമ ശീലം ഉള്ളവരായിരിക്കാം.

അടുത്ത സുരക്ഷിതത്വം എന്നത് പരിശ്രമശീലം ആണ്. ഒരു പക്ഷേ ആത്മീയ അലസതയെക്കാൾ വലുതോ അതിനേക്കാൾ കുറവോ ആയ മെല്ലെപോക്ക് അനുഭവമായിരിക്കാം. ഇത് സർവ്വവ്യാപകമായ ദുഷ്ടശക്തിയാണ്, സാത്താന്റെ വ്യാപാരശക്തിയാണ്, ഇത് ജീവിതത്തിന്റെ ഓരോ അറ്റത്തെയും നശിപ്പിക്കുന്നതാണ്, ആത്മീയ അധ:പതനത്തിലേയ്ക്ക് നമ്മെ നടത്തുന്നു.

ആത്മീയ അലസത എന്നത് ശാസ്ത്രീയ ജീവിതത്തെ കാർന്നു തിന്നുന്ന കമ്പിളിപുതപ്പ് ആണ്. ഇത് നമ്മുടെ ആത്മീയ അനുഭവങ്ങളെ തിന്നു നശിപ്പിക്കും. നാം നമ്മെത്തന്നെ വസ്ത്രം കൊണ്ട് അലങ്കരിക്കാൻ നോക്കുന്നേടത്ത് തടസം സൃഷ്ടിക്കും, പല കഷണങ്ങളാക്കി മാറ്റിക്കളയും, ആത്മീയ ജീവിതത്തെ യാകമാനം നശിപ്പിക്കും.

എന്തുമാത്രം സമയങ്ങളാണ് നാം പാഴാക്കി കളയുന്നത്, താമസിച്ചുറങ്ങുന്നത് ആവശ്യമില്ലാതെ കറങ്ങി നടക്കുന്നത് വ്യർത്ഥസഞ്ചാരം, ഉപയോഗമില്ലാത്ത സന്ദർശനങ്ങൾ, വ്യർത്ഥസംസാരിങ്ങൾ! എത്രയോ വിലപ്പെട്ട സമയങ്ങളെ നാം പാഴാക്കികളയുന്നു.

നമ്മുടെ ഹൃദയങ്ങളെ ഏകാഗ്രമാക്കി അനുതാപഹൃദയമുള്ളവരായി അലസതകളെ അകറ്റുവാൻ തീക്കല്ലുകളെ

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

പ്പോലെ പോരാടാം. അതിരാവിലെ എഴുന്നേറ്റ് പ്രാർത്ഥനയിൽ അധികം സമയം ചെലവഴിക്കാം. ആത്മീയപുസ്തകങ്ങൾ വായിക്കാം. ഏതുവിധത്തിലുള്ള നല്ല വേലയും നമുക്ക് ചെയ്തെടുക്കാം.

വെസ്ലിയുടെ ലക്ഷ്യം ഇതായിരുന്നു. ഒരിക്കലും ജോലിയില്ലാതെ ഇരിക്കരുത്. ഒരിക്കലും അലസനായിരിക്കരുത്. സെന്റ് അൽഫോൻസോ ഇങ്ങനെ തീരുമാനിച്ചു അറിഞ്ഞുകൊണ്ട് ഒരു നുമിഷത്തെ നഷ്ടപ്പെടുത്തുവാൻ പാടില്ല. വായിക്കുവാൻ കഴിയും, എഴുത്തുകളിൽ പ്രാർത്ഥനയിൽ, ഒരു വ്യക്തമായ ആത്മീയപര്യവസാനമുള്ള സംസാരങ്ങളിൽ ഒരു വ്യക്തമായ ആത്മീയ വ്യാപാരമുള്ള ഏതൊരു സാധാരണ ജോലിയിലും ശ്രദ്ധതിരിക്കാം.

അക്ഷീണപരിശ്രമം

ഹൃദയത്തിന്റെ എല്ലാവിധമായ അലച്ചിലുകളിൽ നിന്നും നമ്മെ വിടുവിച്ച് സൂക്ഷിക്കുന്ന നല്ല ഒഷധമാണ് പരിശ്രമശീലം. പരിശ്രമശീലം എന്നത് ക്രിസ്തീയ ജീവിതത്തിന്റെ നട്ടെല്ലു ആണ്; അതിൽ നിന്നും എല്ലാ സൽഗുണങ്ങളും ഉണ്ടാകുന്നു. പരിശ്രമശീലം എന്നത് എല്ലാവിധ അധൈര്യത്തെയും, പരിശോധനകളെയും ഏകാന്തതയുടെ അനുഭവങ്ങളെയും അകറ്റികളയുന്നു.

നിങ്ങളുടെ തോൽവികൾ ഏതു തന്നെ ആയാലും ആകാശവും ഭൂമിയും നിങ്ങൾക്ക് എതിരാണ് എന്നു തോന്നിയാലും; നമ്മുടെ പ്രയാസങ്ങൾ സഹിക്കുന്നതിനുമപ്പുറമാണെന്ന് തോന്നുമ്പോൾ, നിങ്ങളുടെ വീഴ്ചകൾ നിങ്ങളുടെ മേൽ പെരുകി, നിങ്ങളുടെ സ്നേഹിതർ നിങ്ങളെ കൈവിടുമ്പോൾ, കൂട്ടുകാർക്ക് നന്മ ചെയ്യുവാൻ കഴിയാതെയിരിക്കുമ്പോൾ; നിങ്ങളിലുള്ള എല്ലാ സൽഗുണങ്ങളും നിങ്ങളെ വിട്ടുപോയി എന്ന് തോന്നുമ്പോൾ അക്ഷീണപരിശ്രമം നിങ്ങളിലുണ്ടെങ്കിൽ സർവ്വശക്തിയുള്ള ദൈവം കരങ്ങളിൽ നമ്മെ പിടിച്ച് നിങ്ങളും ആഗ്രഹങ്ങളെ മാനിച്ച്,. നിത്യമായ വിജയത്തിലേക്ക് നിങ്ങളെ കൊണ്ട് പോകും.

ആളുകൾ കണ്ട് അതിശയിക്കതക്ക പ്രവൃത്തികളത്രേ അവിടുന്ന് നമുക്ക് വേണ്ടി ചെയ്തിരിക്കുന്നത്. ആയിരക്കണക്കിന് സ്വർഗ്ഗീയ വിശുദ്ധന്മാർ മീഖയോട് ചേർന്ന് പറയുന്നത്, ഞാനോ യഹോവയിങ്കലേക്കു നോക്കും. എൻരെ രക്ഷയുടെ ദൈവത്തിനായി കാത്തിരിക്കും; എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും. എന്റെ ശത്രുവായുള്ളോവേ, എന്നെച്ചൊല്ലി സന്തോഷിക്കരുത്, വീണു എങ്കിലും വീണ്ടും എഴുന്നേൽക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്ക് വെളിച്ചമായിരിക്കുന്നു. യഹോവ എന്റെ വ്യവഹാരം നടത്തി എനിക്ക് ന്യായം പാലിച്ച് തരുവോളം ഞാൻ അവന്റെ ക്രോധം വഹിക്കും; ഞാൻ ഇരുട്ടത്ത് ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു " (മീഖാ. 7:19).

പരിശ്രമം എന്ന അച്ചുതണ്ടിന്മേലത്രേ ക്രിസ്തീയ ജീവിതം കറങ്ങുന്നത്

ദൈവത്തോടുള്ള സ്വാതന്ത്രമായ അനുസരണം

സ്വതന്ത്രമായ അനുസരണമാണ് മറ്റൊരു പരിഹാരമാർഗ്ഗം, കാരണം ധാർമ്മിക ജീവിതത്തെ കാഠിന്യമേറിയതാക്കി തീർക്കുന്നു. ആയിരങ്ങളുടെ ആത്മീക ജീവിതത്തിൽ മന്ദതയുണ്ടാകുവാൻ കാരണം മറ്റുള്ള ക്രിസ്ത്യാനികളുടെ നിലവാരത്തിനൊത്ത വണ്ണമായി തീരാതെ അനുസരണത്തിൽ കുറവുകാണിക്കുന്നതാണ് കാരണം.

ദൈവത്തിന്റെ പ്രമാണങ്ങളിൽ രണ്ട് വഴികളില്ല, തന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന തന്റെ ഭക്തന്മാർക്ക് പറയുവാൻ അനുസരിക്കുവാൻ ഒരേ ഒരു മാർഗ്ഗമേയുള്ളൂ. തന്റെ മക്കളെ അവിടുന്നു രക്ഷിച്ച് വ്യക്തിപരമായി വിടുവിച്ച് ദൈവസന്നിധിയിൽ നിലനിർത്തി അനുസരണമുള്ളവരായി നിലനിർത്തി.

ക്രിസ്തീയ വിശ്വാസത്തിന്റെ ഐക്യതയിൽ നിലനില്ക്കുവാനായി നമ്മെ വിളിച്ച് വേർതിരിച്ച് നിർത്തിയിരിക്കുന്നു; വ്യക്തിജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ നിയോഗ പ്രകാരം വ്യക്തിപരമായ വലയത്തിൽ നിന്നും വ്യക്തിപമായ ബന്ധം പുലർത്തി അനുസരണം കാണിപ്പാനായി നമ്മെ വിളിച്ചിരിക്കുന്നു. ഒരു വിശുദ്ധനും ഞാൻ പൂർണ്ണമായി അനുസരിക്കുന്നു എന്ന് പറയുക സാധ്യമല്ല. പൂർണ്ണമായി അനുസരിക്കുന്നു എന്ന് പറയുന്നു എങ്കിൽ ന്യായവിധികൾക്കു പുറത്താണ്. അല്ലെങ്കിൽ നിങ്ങളുടെ സ്നേഹിതനാൽ തടയപ്പെടുന്ന അവസ്ഥയുണ്ട്. യിസഹാക്കിനെ യാഗം കഴിക്കുന്നതിന് ആരുടെയും ഒത്താശ കിട്ടുമായിരുന്നില്ല. യോസേഫിന്റെ സ്വപ്നത്തെ ആളുകൾ കളിയാക്കി; പൗലൊസ് പതിനൊന്ന് അപ്പോസ്തലന്മാരുമായി കൂടി ആലോചിച്ചിരുന്നു എങ്കിൽ താൻ ചെയ്തെടുത്ത വേല തനിക്ക് ചെയ്യുവാൻ കഴിയുമായിരുന്നില്ല; ദാനിയേലിന് തന്റെ പഴയകാര്യങ്ങളെ ചിന്തിച്ച് അവരുടെ ആലോചന തേടിയിരുന്നു എങ്കിൽ രാജഭോജനവും വീഞ്ഞും താൻ ഉപേക്ഷിക്കുമായിരുന്നില്ല. സമ്പൂർണ്ണ അനുസരണം സ്വതന്ത്രമാണ് ഭയമില്ലാത്തതാണ്.

എത്ര ആയിരക്കണക്കിന് ആളുകൾ സമ്പൂർണ്ണ അനുസരണമില്ലാതെ വിശ്വാസത്തിൽ ക്ഷീണിച്ചവരായി കാണപ്പെടുന്നു, കാരണം അവർ ആയിരിക്കുന്ന പശ്ചാത്തലത്തിലുള്ളവരുടെ അഭിപ്രായങ്ങൾ അവരുടെ വിശ്വാസജീവിതത്തിൽ തേടുന്നു.

അവിടുന്ന് ആകാശത്തിലെ പക്ഷികൾക്ക് എല്ലാം അതതിന്റെ വഴി അതിന് ഒരുക്കികൊടുക്കുന്നു. അരുവികളിലൂടെ വെള്ളം അതിന് എത്തിച്ചുകൊടുക്കുന്നു. പ്രാർത്ഥിക്കുന്ന തന്റെ മക്കൾക്ക് ആവശ്യമായതെല്ലാം അനുസരണത്തിന്റെ വഴിയിലൂടെ ദൈവം നൽകിയിരിക്കുന്നു; നമ്മെത്തന്നെ സമർപ്പിച്ച് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചാൽ നമുക്ക് വേണ്ടിയത് ഒക്കെയും പരിശുദ്ധാത്മാവ് നമുക്ക് നൽകിതരും; അവിടുന്ന് വഴിയെ തുറന്ന് നമ്മെ വഴിനടത്തും; നമുക്കുവേണ്ടി ദൈവം ഒരുക്കിയ വഴിയിൽ വേറെ ആരും നടക്കാതിരിക്കുവാൻ ദൈവം നമ്മെ കാക്കും. വേണ്ടിയതൊക്കെയും നൽകിതരും.

വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ ആയിരങ്ങൾ ശ്രമിക്കാറുണ്ട്. ചിലർ ചോദിക്കും, മതഭ്രാന്തിലേക്ക് അല്പം പോകുന്നത് എന്ന് എങ്ങനെ മനസ്സിലാക്കും? അങ്ങനെ അല്ലെങ്കിൽ അനുസരണത്തിന്റെ ഏതെങ്കിലും വഴിയിൽ മറ്റുള്ളവർക്ക് വേണ്ടി ഏകനായി മറ്റുള്ളവർക്കുവേണ്ടി ഏകാത്മാവിൽ, ദൈവത്തെ പ്രസാദിപ്പിക്കുവാൻ വേണ്ടി മറ്റുള്ളവർക്കുവേണ്ടിയുള്ള ജീവകാരുണ്യ പ്രവൃത്തിയിൽ അവൻ നിങ്ങളുടെ പാത പിന്തുടരുന്നില്ലെങ്കിൽ ദൈവത്താൽ നടത്തപ്പെടുന്നു എന്ന് നിങ്ങൾ അറിയും.

എന്നാൽ ചില വ്യക്തികൾ നിങ്ങളെ എടുത്തുചാട്ട സ്വഭാവമുള്ള വെറുക്കപ്പെട്ട, പരുഷമായ ആർക്കും ഉപയോഗമില്ലാത്ത യോഗ്യമല്ലാത്തവഴികളിലേക്ക് നയിക്കുവാൻ ശ്രമിച്ചേക്കാം. നിങ്ങളുടെ ഉള്ളിലുള്ള ശക്തി നിങ്ങളെ തള്ളി മാറ്റുന്നതുപോലെതോന്നും, മറ്റുള്ളവരെ കുറ്റം വിധിക്കുന്നതുപോലെ തോന്നും, നിങ്ങളുടെ പ്രവൃത്തി ചെയ്യുവാനുള്ള പ്രേരണ ഉണ്ടാവുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ഉള്ളിൽ മന്ത്രിച്ചത് ശത്രുവാണ് എന്ന് നിങ്ങൾക്ക് തോന്നും.

താഴ്മയുള്ളവരായി, ദയയുള്ളവരായി, നിസ്വാർത്ഥ

(ശേഷം 12-ാം പേജിൽ)

(11-ാംപേജിന്റെ തുടർച്ച)

സ്നേഹം ഉള്ളവരായി എത്രത്തോളം നമ്മെ സൂക്ഷിക്കുവാൻ കഴിയുമോ അത്രത്തോളം ഭയമില്ലാതെ ഏകരായി നില്പാൻ സാദ്ധ്യമല്ലാത്ത കാര്യമാണ്. ദൈവത്തോടുള്ള അളവറ്റ സ്നേഹം, അവിടുത്തെ വചനം മറ്റുള്ളവരോടുള്ള ദൈവസ്നേഹം അതിനെ സാദ്ധ്യമാക്കുന്നു.

നമ്മുടെ ചിന്താഗതികൾ നിർമ്മാണപരമാണ്

നമ്മുടെ തളർന്ന മനസ്സിന്റെയും ക്ഷീണിച്ച അനുസരണത്തിനും പരിഹാരം എന്നത്, ദൈവത്തിലും അവിടുത്തെ കൃപയിലും നമ്മെ ഏല്പിക്ക എന്നതാണ് (യെശ. 26:3,4, ; സങ്കീ. 1:1-6). ആത്മീയ ജീവിതത്തിൽ പിശാചിന്റെ വഴികളെ അതിജീവിക്കുവാൻ മനസിന് എല്ലായ്പ്പോഴും ആശ്വാസം നൽകുവാൻ വേറെ ഒരു ശ്രേഷ്ഠമായ വഴിയില്ല. ബുദ്ധിയുടെ പ്രമാണങ്ങൾക്ക് ഇതിന്റെ ശക്തിയെ നിർവ്വചിക്കുവാൻ സാദ്ധ്യമല്ല; പരിശുദ്ധാത്മാവിനാൽ പോഷപ്പിക്കപ്പെടുന്ന ആത്മീക ജീവിതം അന്തരാത്മാവിനെയും ബുദ്ധിയുടെ പ്രമാണങ്ങളെയും കൂട്ടിച്ചേർത്ത് ദൈവത്തിന്റെ കൃപയേയും, ദൈവീക കരുതലിന്റെ മർമ്മങ്ങളെയും അഥവാ അവിടുത്തെ വചനത്തിന്റെ വെളിപ്പാടുകളെയും ആശ്രയിച്ച് ദൈവത്തിൽ വിശ്വസ്തരായി ജീവിക്കാം.

പാപപങ്കിലമായ ജീവിതത്തിന്റെ അലച്ചിലുകളെക്കാൾ അപകടകരമായി മറ്റു യാതൊന്നുമില്ല. എല്ലാ പുറമേയുള്ള പാപങ്ങളും ആദ്യം നമ്മുടെ മനസിനെ സ്വാധീനിക്കുന്നു, അടുത്തതായി കൃപയുടെ വ്യാപാരത്തെ തടയുന്നു, പ്രാർത്ഥനയുടെ മനോഭാവത്തെ തടയുന്നു, മുഴു ജീവിതത്തെയും സ്വാധീനിക്കുന്നു, നമ്മുടെ ചിന്താഗതികൾ നിർമ്മാണപരമാണ്, അതു നമ്മുടെ ജീവിതത്തെ പ്രകാശിപ്പിക്കുന്നു. ദൈവരാജ്യത്തിൽ നമ്മുടെ പദവികളെയും കൃപയുടെ പ്രകാശനത്തെയും അത് വ്യക്തമാക്കുന്നു.

കഴിഞ്ഞകാലങ്ങളെക്കുറിച്ച് അധികം ചിന്തിക്കരുത്. നല്ല കാര്യങ്ങളെ മാത്രം ചിന്തിക്കുക, ശുശ്രൂഷയ്ക്ക് നൽകിയ ദൈവകൃപയും ആഴമായ താഴ്മയേയും വിശാലമായ നന്മകളെയും ദൈവത്തിൽ നിന്നുള്ള കൃപകളെയും ചിന്തിക്കുക.

ആത്മാവിന്റെ നിറവിൽ കഴിഞ്ഞ കാലങ്ങളെക്കുറിച്ച് നാം ചിന്തിക്കുന്നില്ല, നഷ്ടങ്ങളിൽ ഖേദിക്കുന്നുമില്ല, അല്ലെങ്കിൽ കഴിഞ്ഞ കാലങ്ങളെക്കുറിച്ചു മനസ്സു മടുപ്പിക്കുക, ഒരു പക്ഷി തന്റെ കഴിഞ്ഞവർഷത്തെ കൂടെ സംബന്ധിച്ചു ചിന്തിക്കുന്നില്ല, അതു പറന്നു പോകും, കാരണം സർവ്വലോകവും ദൈവത്തിന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു. ഈ വേനലിലും.

നമ്മുടെ മനസുറപ്പിച്ച് ദൈവകാര്യങ്ങൾക്ക് ശ്രദ്ധകൊടുക്കുക. ക്രിസ്തുവിനെ മനസ്സിൽ സൂക്ഷിക്കുക. തന്റെ സ്വഭാവത്തെ ചിന്തിക്കുക; പിതാവിനോടുള്ള അവിടുത്തെ ബന്ധം; പരിശുദ്ധാത്മാവുമായുള്ള ബന്ധം; ദൈവം നമുക്കുവേണ്ടി എന്തു ചെയ്യുന്നു; വിശുദ്ധന്മാരെക്കുറിച്ച് ചിന്തിക്കുക; സ്വർഗ്ഗീയ ദൂതന്മാരെക്കുറിച്ചു ചിന്തിക്കുക; ദൈവസാന്നിദ്ധ്യത്തെക്കുറിച്ചു ചിന്തിക്കുക (മത്താ. 28:18-20; യോഹ. 14:15-17; അ.പ്ര.17:24-28).

നാം കർത്താവിന്റെ വരവിനെക്കുറിച്ച് ചിന്തിക്കുക; ആയിരം ആണ്ടുവാഴ്ചയെക്കുറിച്ച് ചിന്തിക്കുക; അതിന്റെ ഭാഗമായിരിക്കുന്ന ആയിരക്കണക്കിനു കാര്യങ്ങളെ വരുവാനുള്ള ലോകത്തിൽ സ്വർഗ്ഗീയരുമായി യുഗായുഗം വാഴുന്ന നിത്യതയെയോർത്ത് ചിന്തിക്കുക.

ഇങ്ങനെയുള്ള ചിന്തകൾ അത്ഭുതകരമായ വ്യത്യാസം നമ്മുടെ ജീവിതങ്ങളിൽ സൃഷ്ടിക്കും. ഇത് നമുക്ക് ശാന്തമായ ഒരു സൗമ്യമായ ചിന്തകളും സ്വഭാവവും തരും; നമ്മുടെ ആന്തരിക മനസിനെ പരിശുദ്ധാത്മാവിന്റെ മന്ത്രണത്തിനായി തുറന്നുവെയ്ക്കും. അത് നമ്മെ എല്ലായ്പ്പോഴും പ്രാർത്ഥനയിൽ ചെലവിടുവാൻ നമ്മെ സഹായിക്കും. ലോകത്തിന്റെ കാര്യങ്ങളിൽ പ്രീയം കുറയുന്നു; ദൈവവും സ്വർഗ്ഗവും നമ്മിൽ പ്രകാശിക്കുന്നു. നമ്മുടെ ആത്മാവിൽ ശാന്തവും മാധുര്യമേറിയതുമായ അനുഭവങ്ങളെ തരുന്നു.

നമ്മുടെ ചിന്തകൾ നമ്മുടെ ജീവിതത്തിൽ നിലവാരമില്ലാത്തതാണ്. നാം എന്ത് ആയിരിക്കുന്നുവോ അത് നാം ചിന്തിക്കുന്നു. അതിൽ വേഗം നാം എത്തിച്ചേരുന്നു. അതുകൊണ്ട് സ്വർഗ്ഗീയമായതിൽ നമ്മുടെ ചിന്ത കേന്ദ്രീകരിക്കാം. ഓരോ ദിവസവും ഉറങ്ങാൻ പോകുന്നതിന് മുമ്പ് ദൈവത്തെയോ യേശുവിനേയോ ചിന്തിക്കാം. ദൈവീക ചിന്തയോടെ നമുക്കു എഴുന്നേൽക്കാം.

ഇത് ആണ് പിശാചിനെതിരെ നമ്മുടെ ജീവിതത്തിന്റെ സൂക്ഷിപ്പുകാരൻ, നമ്മുടെ ചിന്താമണ്ഡലത്തിൽ പൈശാചിക ആലോചനകൾ കുത്തിവയ്ക്കാൻ അവൻ ശ്രമിക്കുന്നു. ഈ ദിനംതോറുമുള്ള അവന്റെ പ്രവൃത്തികൾ പ്രാർത്ഥനയ്ക്കായി നാം കൂടുതൽ നിർബ്ബന്ധിതരായിതീരുന്നു. അപ്പോസ്തലൻ ഇങ്ങനെ പറയുന്നു, ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡീകങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിന് വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞു, ഏതുവിചാരത്തേയും യേശുക്രിസ്തുവിലുള്ള അനുസരണത്തിനായി പിടിച്ചടക്കി '' (2കൊരി. 10:3-5).

പരിശുദ്ധാത്മാവ് ആയുഷ്കാല സഖി

സമ്പൂർണ്ണ പരിഹാരം എന്നത് പരിശുദ്ധാത്മാവുമായി ഒരു നല്ല ബന്ധം സ്ഥാപിച്ചെടുക്കുക എന്നതാണ്. പരിശുദ്ധാത്മാവിനെ ജീവിതത്തിന്റെ നായകനായി അംഗീകരിക്കുക, നമ്മുടെ സാമൂഹ്യ ആത്മീക വിഷയങ്ങളിൽ നമ്മുടെ ആലോചനക്കാരനായി ഏല്പിക്കുക. പരിശുദ്ധാത്മാവിലുള്ള സമ്പർക്കമുണ്ടാകട്ടെ, യേശു നിങ്ങളോട് കൂടെയുണ്ട്. അവിടുത്തോട് സംസാരിക്കുക; സ്നേഹിക്കുക, നിങ്ങളുടെ ചെറുതും വലുതുമായ വിഷയങ്ങളിൽ സ്ഥിരമായ ഒരു സഖിത്വം വച്ച് പുലർത്തുക.

ചോദ്യം ചെയ്യാത്ത അനുസരണം നമ്മുടെ ഹൃദയങ്ങളിൽ വെളിപ്പെടട്ടെ. പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ കാണപ്പെടാത്ത കറയറ്റ, പ്രകാശ സമുദ്രമായിരിക്കട്ടെ. അതിൽ എപ്പോഴും കുളിക്കുന്നവരായിരിക്കാം. എല്ലാ ബലഹീനതകളും ദു:ഖങ്ങളും കണ്ണീരും ചീത്ത പ്രവൃത്തികളും വിട്ട് ദൈവത്തിനായി ജീവിക്കണം. എപ്പോഴും പ്രാർത്ഥിച്ചും ദൈവത്തോടുള്ള ബന്ധം ഊട്ടി ഉറപ്പിക്കുക. ഒർക്കുക, നിലനില്ക്കുന്ന അഭിവൃദ്ധി പുറകോട്ടു വലിക്കുന്ന ശക്തിയെ തടയുന്നു.

പരിശുദ്ധാത്മാവിന്റെ ശബ്ദം ഒരു തലോടൽ സാന്നിദ്ധ്യം ദൂതന്മാരുടെയോ മനുഷ്യരുടെയോ ജയഘോഷത്തെക്കാൾ ശ്രേഷ്ടമാണ്. പരിശുദ്ധാത്മാവിന്റെ ശാസനയെ നാം ഏറ്റെടുക്കണം, അവിടുന്ന് നമ്മുടെ ഹൃദ.യങ്ങളോട് സംസാരിക്കും, തന്റെ ശാനകൾ ആത്യന്തികമായി മറ്റുള്ളവരുടെ സ്തുതികളെക്കാൾ നല്ലതാണ്.

ഓർക്കുക, ക്രിസ്തീയ ജീവിതത്തിന്റെ സ്വാധീനം വെളിപ്പെടുത്തുന്നു. പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠമായ പ്രവർത്തിയാണിത്. ഇത് അവിടുത്തെ അത്ഭുതകരമായ പ്രവൃത്തിയാണ്, നമ്മുടെ വലിയ പ്രത്യാശയാണ്, പ്രതീക്ഷയാണ്.

പിതാവായ ദൈവത്തിന്റെ സ്നേഹം, കർത്താവായ യേശുക്രിസ്തുവിന്റെ കൃപ യും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നമ്മോട് എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമേൻ. ❖